# ചുവരുകൾക്കപ്പുറം

**വെണ്ണിക്കുളം പോളിടെക്നിക്കിലെ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും കോവിഡ് - ഓണ - കാല രചനകൾ**

## സ്റ്റാഫ് ക്ലബ്ബ് പ്രസിദ്ധീകരണം
## 2020

## നമ്മെ വിട്ടു പിരിഞ്ഞ സർവ്വശ്രീ : അനിൽകുമാർ ഡി , ഗോപകുമാർ റ്റി , രാധാകൃഷ്ണൻ കെ റ്റി എന്നിവർക്ക് സമർപ്പണം


## എഡിറ്റോറിയൽ ബോർഡ്

**********

**മാനേജിങ് എഡിറ്റർ : ശ്രീ.ഷാജു ടി ബി**
**കോ ഓർഡിനേറ്റിംഗ് എഡിറ്റർ : ശ്രീ.ദീപു കെ**

**ശ്രീ.പ്രസാദ് പി വി**
**ശ്രീമതി.ആഷ സുകുമാരൻ**
**ശ്രീ.ജാൾസൺ ജേക്കബ്**
**ശ്രീ.അഖിൽ ബി നായർ**
**ശ്രീ.അജിത് പ്രസാദ്**
**ശ്രീ.ഫിറോസ് എച്ച്**

**ക്രീയേറ്റീവ് എഡിറ്റർ: ഷാജിൽ അന്ത്രു**



ഒരു മഹാകവിയുടെ പേരിൽ അറിയപ്പെടുന്ന ഏക പോളിടെക്നിക്ക് ആണ് വെണ്ണിക്കുളം സർക്കാർ പോളിടെക്നിക്ക്. മഹാകവിയുടെ ജന്മനാട്ടിൽ ! വെണ്ണിക്കുളം ഗോപാലക്കുറുപ്പ് അധികം ചർച്ച ചെയ്യപ്പെടാതെ പോയ ഒരു മഹാകവിയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾ നിലനിർത്താൻ വേണ്ട ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും, ഏറ്റവും ഖേദകരമെന്നത് അദ്ദേഹത്തിന്റെ രചനകൾ പലതും കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. ഒരു പക്ഷെ പാർശ്വവത്കരിക്കപ്പെട്ട ഒരു എഴുത്തുകാരനാണ് വെണ്ണിക്കുളം ഗോപലകുറുപ്പ്. അദ്ദേഹത്തിനെ പേരിൽ അറിയപ്പെടുന്ന നമ്മുടെ സ്ഥാപനവും , അവിടെത്തെ ജീവനക്കാരും പാർശ്വവത്കരിക്കപ്പെടാതെ പോകാൻ അദ്ദേഹത്തിന്റെ ഓർമ്മകൾ നമ്മളോട് പറയുന്നുണ്ട്.

പ്രതിഭയുടെ മിന്നോലികൾ പലപ്പോഴും നമ്മുടെ സഹപ്രവർത്തകരും അവരുടെ കുടുംബാംഗങ്ങളും പല സന്ദർഭങ്ങളിലും പ്രകടിപ്പിച്ചിട്ടുണ്ട്. മാത്രമല്ല കരുതലിനെയും സ്നേഹത്തെ കുറിച്ചും ഒക്കെ നമ്മുടെ ചുറ്റും ചർച്ചകളും പ്രകടനങ്ങളും ഉയരും മുമ്പേ തന്നെ നമ്മുടെ സ്ഥാപനത്തിലെ എല്ലാവരും സ്ഥാനമാനങ്ങളുടെ വലിപ്പ-ചെറുപ്പം നോക്കാതെ കരുതലോടെ, സ്നേഹത്തോടെ, ഒത്തൊരുമയോടെ, നിശബ്ദമായി, എന്നാൽ ശക്തമായി മുന്നോട്ട് നിലകൊള്ളുകയായിരുന്നു.

അത് അങ്ങനെ തന്നെ തുടരുകയും ചെയ്യും.

സ്നേഹത്തിന്റെ ഭാഷ ഹൃദയത്തിന്റേതാണ്.അവ കൊച്ചു കൊച്ചു കലാ സാഹിത്യരൂപങ്ങളായി പരിണമിക്കും. അവ പങ്കു വെക്കുവാൻ പലപ്പോഴും പലർക്കും വേദി ലഭിക്കില്ല. അതിനായാണ് ഈ ഉദ്യമം.

**സ്നേഹത്തോടെ,**
**സമർപ്പിക്കുന്നു**
**ഷാജു ടി ബി**




# നാടൻ കഥകൾ, നാട്ടറിവുകൾ പുതിയ വാതായനങ്ങൾ തുറക്കട്ടെ.



**ഫിലിപ്പ് ജെ നടക്കൽ**

കൊറോണാ വ്യാപനം ആരംഭിച്ച ദിവസങ്ങളിൽ നമ്മുടെ നാട്ടിലെ അറിയപ്പെടുന്ന ഒരു പാരമ്പരാഗത ചികിത്സകനെ പോലീസ് അറസ്റ്റ് ചെയ്തു എന്നത് വാർത്തയായിരുന്നു. അതുപോലെ കുറേ നാളുകൾക്ക് മുൻപ് ഒരു ടെലിവിഷൻ ചാനലിൽ നാട്ടു ചികിത്സകരും മെഡിക്കൽ കോളേജിലെ അതിപ്രഗത്ഭരായ ഡോക്ടർമാരും തമ്മിൽ ഒരു സംവാദം കാണുവാൻ ഇടയായി. ആ ചർച്ച കണ്ട് അവസാനിച്ചപ്പോൾ എനിക്ക് തോന്നിയത് നാട്ടു ചികിത്സാ വൈദ്യന്മാരെ വെറും വ്യാജ ചികിത്സകരായി മുദ്രകുത്തുന്ന ഒരു പരിപാടി ആയിരുന്നില്ലേ എന്ന്. നാം ഒന്നു ചിന്തിക്കണം മനുഷ്യ ശരീരത്തിലെ ഓരോ അവയവങ്ങളെക്കുറിച്ചും ശാസ്ത്രീയമായ അഗാധമായ പഠനം നടത്തിയ ഒരു വ്യക്തി ;ഈ അറിവുകളുടെ വെളിച്ചത്തിൽ -കേവലം അടിസ്ഥാന വിദ്യാഭ്യാസവും,പരമ്പരാഗതമായ അറിവുകളും മാത്രമുള്ള ഒരാളുമായി വാഗ്വാദത്തിൽ ഏർപ്പെടുമ്പോൾ വിജയം ആരുടെ പക്ഷത്താവും എന്നതിൽ സംശയമില്ല.

എന്നാൽ എല്ലാ നാട്ടറിവുകളും പൊളിയാണോ? അതോ അവയ്ക്ക് ശാസ്ത്രീയമായ അടിത്തറ കണ്ടെത്താൻ സാധിക്കുമോ? ചിന്തിക്കേണ്ടതായിരിക്കുന്നു.നമുക്കറിയാം കൊറോണാ എന്ന വൈറസിന് മുന്നിൽ ലോകം മുഴുവൻ മുട്ടുമടക്കി നിൽകുമ്പോൾ ;ഇതിനു പരിഹാരമാകാവുന്ന . എല്ലാ മരുന്നുകളെ കുറിച്ചും പഠനം നടത്തുകയല്ലേ വേണ്ടത്. ഏതെങ്കിലും ചികിത്സാ സംവിധാനങ്ങളിൽ, അവർ ഉപയോഗിക്കുന്ന മരുന്നുകളിൽ രോഗങ്ങളെ പ്രതിരോധിക്കുവാൻ,ശമിപ്പിക്കുവാൻ ഉതകുന്നവ വല്ലതും ഉണ്ടോ എന്നു പഠനവിധേയമാക്കണം.അല്ലാതെ ആക്ഷേപവും പരിഹാസവുമല്ല വേണ്ടത്.





കൊറോണാ വ്യാപനം കേരളത്തിൽ തുടങ്ങിയ സമയത്ത് എന്റെ പരിചയത്തിലുള്ള ഒരു ഹോമിയോ ഡോക്ടറുമായി ഇതിനെ പ്രതിരോധിക്കുവാൻ എന്തെങ്കിലും മരുന്നുണ്ടോ എന്നു തിരക്കി. അദ്ദേഹം ഒരു മരുന്ന് തന്നിട്ട് പറഞ്ഞു ഇതു കൊറോണയെ പ്രതിരോധിക്കുന്ന മരുന്നല്ല എന്നാൽ നാട്ടിൽ വൈറൽ പനി പടർന്നു പിടിക്കുമ്പോൾ ഞങ്ങൾ നൽകുന്ന നിവാരണഔഷധമാണ് . ഇതു കഴിക്കുക യാതൊരു ദോഷവും വരികയില്ല. കൊറോണാ ബാധിക്കുകയാണെങ്കിൽ തന്നെ അതിന്റെ ശക്തി കുറവും ആയിരിക്കാം. പിന്നീട് എനിക്ക് മനസിലാക്കാൻ സാധിച്ചത് പല ഹോമിയോ ആശുപത്രികളിലും ഈ മരുന്ന് ഡോക്ടർമാർ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതും പഠന വിദേയമാകേണ്ടതല്ലേ. ഈ മരുന്ന് ഫലപ്രദവും, പ്രയോജനപ്രദവുമാണെങ്കിൽ ഒരു മുൻ കരുതലായി ഈ മരുന്ന് എന്തുകൊണ്ട് നൽകിക്കൂടാ. ഇവിടെയാണ് കൂട്ടായ പഠനത്തിന്റെയും ഗവേഷണത്തിന്റെയും ആവശ്യകത മനസിലാകുന്നത്. നമ്മുടെ നാട്ടിലും, ചുറ്റുപാടിലും, പറഞ്ഞു കേട്ട ചില നാട്ടറിവുകളും, നാടൻ കഥകളും ഈ അവസരത്തിൽ നിങ്ങളുമായി പങ്കുവെക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനൊന്നും ശാസ്ത്രീയമായി വിശദീകരണം നൽകുവാൻ ഞാൻ ആളല്ല.

പക്ഷെ ഗവേഷകർ ഇത് സംബന്ധിച്ചു പഠനം നടത്തണം. ഇതു കേവലം കഥകൾ മാത്രമാണെങ്കിൽ അത് കടംകഥകളായി അവശേഷിക്കട്ടെ അല്ലെങ്കിൽ പഠന വിധേയമാകട്ടെ.കോട്ടയം നല്ലയിടയൻ പള്ളി വിജയപുരം രൂപതയുടെ കീഴിൽ കളക്ടറേറ്റിന് സമീപം നില കൊള്ളുന്നു. എന്റെ വല്യപ്പൻ വില്ലൂത്തറ പോത്തൻ സാർ വർഷങ്ങളോളം അവിടുത്തെ പ്രൈമറി സ്കൂളിൽ അദ്ധ്യാപകനും പ്രധാന അദ്ധ്യാപകനും ആയിരുന്നു. അന്ന് അവിടെ വിദേശിയരായ മിഷനറി പുരോഹിതന്മാർ ഉണ്ടായിരുന്നു. ഏകദേശം നൂറു വർഷങ്ങൾക്ക് മുൻപ് വസൂരി വന്നു ആളുകൾ മരിക്കുക സാധാരണമായിരുന്നു. മരുന്നില്ലാത്ത രോഗം, ആരിലേയ്ക്കും പടർന്നു പിടിക്കാം, പിടിപെട്ടാൽ രക്ഷപെടുവാൻ സാധ്യത വളരെ കുറവ്. എന്നാൽ യഥാർത്ഥ മിഷൻ വികാരം പൂർണമായും ഉൾകൊണ്ട പുരോഹിതർ മരണാസന്നരായ വസൂരി ബാധിതർക് അന്ത്യ കൂദാശ നൽകുവാൻ സദൈര്യം പോകുന്നതിനെ കുറിച്ചു പറഞ്ഞു കേട്ടിട്ടുണ്ട്. പലപ്പോഴും കൂട്ടിനായി ഞങ്ങളുടെ വല്യപ്പച്ചനെയും കൂട്ടുമായിരുന്നു. രോഗികളുടെ വീട്ടിൽ പോകുമ്പോൾ പാണൽ എന്ന ചെടിയുടെ തളിരില അരച്ച് കഴിച്ചുകൊണ്ടാണ് ആ വീടുകളിൽ പോയിരുന്നത് എന്ന് ഞങ്ങളുടെ വല്യപ്പൻ പറഞ്ഞത് ഞാൻ ഓർക്കുന്നു. വല്യപ്പന് ഈ രോഗം വന്നതുമില്ല.അതുപോലെ തന്നെ ഞങ്ങളുടെ പറമ്പിൽ കുറ്റിപ്പാണൽ എന്ന ഒരു ചെടി ഉണ്ടായിരുന്നു. വീഴ്ച, ചതവ്, ക്ഷതം തുടങ്ങിയ രോഗങ്ങൾക് ഇതിന്റെ ഇല അരച്ച് ഇടുകയും വേര് അരച്ച് കഴിക്കുകയും ചെയ്യുമായിരുന്നു. എന്റെ ചെറുപ്പത്തിൽ നാടിന്റെ നാനാഭാഗത്തുനിന്നും ഇതിന്റെ ഇല പറിച്ചുകൊണ്ടുപോകുവാൻ ധാരാളം



ആളുകൾ വരുമായിരുന്നു. ഇന്ന് ആ ചെടി ഇല്ല. അതുപോലെ നാട്ടിൻ പുറത്ത് ഒരു പ്രായമായ സ്ത്രീ മഞ്ഞപ്പിത്തത്തിന് ചികിത്സ നൽകിയിരുന്നു . പിന്നീട് മനസിലായി കിഴാനെല്ലി മരുന്നായി അരച്ച് പാലിൽ നൽകുകയായിരുന്നു എന്ന്. അതുപോലെ ആദിവാസികൾ കാട്ടുപീച്ചിൽ പാലിൽ അരച്ച് മഞ്ഞപ്പിത്തത്തിന് നൽകുമെന്നും കേട്ടിട്ടുണ്ട്. കൊടിഞ്ഞി വിലക്കുക എന്ന ചികിത്സാ സംവിധാനം ഒരു കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. അതിനായി ഉപയോഗിച്ചിരുന്നതിൽ ഒരു പ്രധാന മരുന്ന് വള്ളി ചൊറിയണത്തിന്റെ വേര് ആയിരുന്നു. അതുപോലെ കേട്ടിരിക്കുന്ന ഒരു കഥ. തമിഴ് നാട് അതിർത്തിയിൽ ഒരു ഗ്രാമത്തിൽ മഞ്ഞപ്പിത്തം പടർന്നു പിടിച്ചു. പ്രദേശവാസിയായ ഒരു വൈദ്യൻ നൽകിയ മരുന്ന് ഒരു നിശ്ചിത അളവിൽ ശർക്കരയും കർപ്പൂരവും കലർത്തി നൽകുക എന്നാണ്. പലർക്കും രോഗമുക്തി ഉണ്ടാവുകയും ചെയ്തു.ഇതു പോലെ ധാരാളം കഥകൾ നമ്മുടെ നാട്ടിൻ പുറങ്ങളിൽ പ്രചാരത്തിൽ ഉണ്ട്. ഒത്തിരി നാട്ടറിവുകളും. ഇതിന്റെയെല്ലാം ശാസ്ത്രീയമായ വിശകലനവും വസ്തുതയും പറയുവാൻ സാധാരണക്കാരായ എന്നെ പോലെയുള്ളവർ ആളല്ല.

കേന്ദ്രസർക്കാരിന്റെ ആരോഗ്യമന്ത്രാലയം കൊറോണാ കാലത്തെ ആയുർവേദ മരുന്നുകളെ സംബന്ധിച്ചു നൽകിയ പ്രസിദ്ധീകരണത്തിൽ ഒരു കാലഘട്ടത്തിൽ നമ്മൾ ഉപയോഗിച്ചിരുന്ന ചുക്കുകാപ്പി മുതൽ, മഞ്ഞൾ പൊടി വരെ പ്രയോഗിച്ചു നോക്കാൻ നിർദേശിക്കുന്നത് വളരെ നല്ല പ്രവണതയാണ്.

നമ്മുടെ സർക്കാരിന്റെ നേതൃത്വത്തിൽ ഇങ്ങനെയുള്ള സാഹചര്യങ്ങളിലെങ്കിലും, ഇംഗ്ലീഷ്, ആയുർവേദ, ഹോമിയോ, യുനാനി, സിദ്ധ, പാരമ്പരാഗത ഡോക്ടർമാരും, സസ്യശാസ്ത്ര വിദഗ്ദ്ധരും, രസതന്ത്ര വിദഗ്ധരും, മരുന്നു നിർമാണ മേഖലയിലെ ശാസ്ത്രജ്ഞരും ഒന്നിച്ചിരുന്നു ചർച്ച ചെയ്യണം, പഠനം നടത്തണം ഗവേഷണം നടത്തണം. ഈ അറിവുകൾക്ക് ശാസ്ത്രീയമായ അടിത്തറ ഉണ്ടോ എന്ന് പരിശോധിക്കണം . പുതിയ മരുന്നുകളും നിവാരണൗഷധങ്ങളും കണ്ടു പിടിക്കപ്പെടട്ടെ. വിദേശ രാജ്യങ്ങളിലെപോലെ ആ രാജ്യത്തെ മുഴുവൻ ചികിത്സാ സംവിധാനത്തെക്കുറിച്ചും മെഡിക്കൽ വിദ്യാർത്ഥികൾ പഠിക്കട്ടെ.

ഓർക്കുക ഒരു അറിവും നിസ്സാരമല്ല, ഒരു ചികിത്സാ സംവിധാനവും മോശമല്ല; ആരും രണ്ടാംകിടക്കാരാണെന്ന ചിന്തയും ശരിയല്ല. പുതിയ പുതിയ മരുന്നുകൾ, നമ്മുടെ നാട്ടിൽ നിന്നും തന്നെ ഉണ്ടാവട്ടെ.

ഈ മഹാമാരി അവസാനിക്കട്ടെ.

# വരയും വർണ്ണവും




ദീപ .കെ



കഥ

## സിബു ശ്രേയസ്






# കൊറോണ കാലത്തെ ഒരു യാത്ര

സോളമൻ വല്ലാതെ അക്ഷമനായ് ...വല്ലാത്ത ചൂട്. ബാഗിൽ നിന്നും വെള്ളക്കുപ്പി എടുത്തു ഒരു കവിൾ കുടിച്ചു.എങ്ങനെ അക്ഷമനാകാതിരിക്കും 12 മണിക്ക് വരേണ്ട കേരള എക്സപ്രസ്സ് 12.45 ആയിട്ടും എത്തിയിട്ടില്ല...അതോർക്കുമ്പോൾ വീണ്ടും വീണ്ടും ദേഷ്യം തികട്ടി വരുന്നുണ്ട്. വേർ ഈസ് മൈ ട്രെയിൻ എന്ന മൊബൈൽ ആപ്ളിക്കേഷനിൽ ട്രെയിൻ സമയം നോക്കിയിട്ട് ഇറങ്ങിയതാ...വെണ്ണിക്കുളത്തു നിന്ന് തിരുവല്ല റെയിൽവേ സ്റ്റേഷനിലേക്ക് ബസ് കയറുമ്പോൾ കേരള എക്സ്പ്രസ്സ് ഏറ്റുമാനൂർ കഴിഞ്ഞിരുന്നു. ട്രെയിൻ കിട്ടുമോന്ന് ടെൻഷൻ അടിച്ചാണ് ബസിൽ ഇരുന്നത്. ഇതിപ്പോ വഴിയിൽ എവിടേലും പിടിച്ചിട്ടേക്കുകയോ മറ്റോ ചെയ്തിരിക്കും...എന്തൊരു ദുർവിധി...അറിയാവുന്ന തെറി എല്ലാം കൂട്ടി നല്ലോണം റെയിൽവേക്ക് വിളിച്ചു...എങ്ങനെ വിളിക്കാതിരിക്കും....ആഴ്ചയിലൊരിക്കൽ ആണു തിരുവനന്തപുരത്ത് ജോലിയുള്ള പെമ്പ്രന്നോത്തിയെ കാണാൻ പോകുന്നത് അത് തന്നെ ഇങ്ങനെ വൈകിയാലോ...ആരുടെ ഒക്കെ കാലു പിടിച്ചിട്ടാ ഒരു അര ദിവസം ലീവ് സംഘടിപ്പിച്ചത്... എന്നിട്ടിപ്പോൾ അതെല്ലാം പാഴായി...സോളമൻ ഒന്ന് നെടുവീർപ്പിട്ടു...നേരത്തെ ചെന്നിട്ട് വൈകിട്ട് ഭാര്യ നിഷയേം കൊണ്ട് ഒന്ന് പാർക്കിൽ പോകണം എന്നു കരുതിയതാ.... പറ്റുന്നെങ്കിൽ ഇന്ന് തന്നെ അയ്യപ്പനും കോശിയും സിനിമ കാണണം...നല്ല സിനിമ ആണെന്ന് ഓഫീസിലെ അക്ഷയ് പറയുന്നത് കേട്ടു...



സോളമൻ വീണ്ടും മൊബൈൽ എടുത്ത് ട്രെയിൻ ആപ്പ് നോക്കി, സോളമന്റെ മുഖത്തൊരു പുഞ്ചിരി വിടർന്നു...ഭാഗ്യം ട്രെയിൻ ചിങ്ങവനം കഴിഞ്ഞു... ഇനീപ്പോൾ കൂകി പാഞ്ഞു ഇങ്ങ് എത്തും...ഹോ നല്ല വിശപ്പുമുണ്ട്....ഉച്ചയ്ക്ക് കഴിക്കാൻ ആഹാരം ഒന്നും വാങ്ങിയിട്ടുമില്ല... തിരുവനന്തപുരത്ത് ചെന്നിട്ട് നിഷയോടൊപ്പം ആകാം ഉച്ച ഭക്ഷണം എന്ന് കരുതിയിരുന്നതാ...കൊറോണ ഭീതി കാരണം ആളുകൾ എല്ലാം മുഖത്ത് മാസ്ക്ക് ധരിച്ച് കൊണ്ടാണ് പ്ലാറ്റ്ഫോമിൽ കൂടി നടക്കുന്നത്. തന്റെ കൈയ്യിൽ ആണെങ്കിൽ മാസ്ക്ക് ഒന്നുമില്ല... അടുത്തയാഴ്ച തൊട്ട് ലോക്ക് ഡൗൺ ആയിരിക്കും എന്ന് കേൾക്കുന്നുണ്ട്... അപ്പോൾ പിന്നെ ട്രെയിനും ബസും ഒന്നും കാണില്ല... എങ്ങനെയെങ്കിലും അങ്ങ് തിരുവനന്തപുരത്ത് എത്തിച്ചേർന്നാൽ മതിയാരുന്നു...ദേ... റെയിൽവേ അനൗൺസ്മെന്റ് വരുന്നു.. ന്യൂഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേക്ക് പോകുന്ന കേരള എക്സ്പ്രസ്സ് രണ്ടാമത്തെ പ്ലാറ്റ് ഫോമിലേക്ക് അല്പസമയത്തിനുള്ളിൽ എത്തിച്ചേരുന്നതാണ്...സോളമന്റെ മുഖം സന്തോഷം കൊണ്ട് വിടർന്നു...ഹാ എന്തായാലും വന്നല്ലോ...ശനിയാഴ്ച ആയത് കൊണ്ട് ട്രെയിനിൽ കയറാൻ നല്ല തിരക്കുണ്ട്...ഒരാഴ്ചത്തെ ജോലി കഴിഞ്ഞ് വീട്ടിൽ പോകുന്നവർ ആണ് കൂടുതലും...ട്രെയിനിലും നല്ല തിരക്ക് കാണും...സ്ളീപ്പർ ടിക്കറ്റ് ആണ് എടുത്തിരിക്കുന്നത്...ഇരിക്കാൻ സീറ്റ് കിട്ടിയില്ലെങ്കിൽ എവിടെങ്കിലും മുകളിലെ ബർത്തിൽ കയറണം...രണ്ടാമത്തെ അനൗൺസ്മെന്റ് വന്നപ്പോൾ ട്രെയിനിന്റെ എഞ്ചിൻ കാണാൻ സാധിച്ചു.കൊച്ചു കള്ളൻ പ്ലാറ്റ് ഫോമിന്റെ അങ്ങേ അറ്റത്ത് എത്തി... വാ..വാ... സോളമൻ ഉള്ളിലെ സന്തോഷം കൊണ്ട് ഒന്ന് തല കുലുക്കി... സ്ലീപ്പർ ടിക്കറ്റ് ആയത് കൊണ്ട് ഏത് കമ്പാർട്ട്മെന്റിൽ വേണേലും കയറാം.. ഒരു ഘട ഘട ശബ്ദത്തോടെ ട്രെയിൻ പ്ലാറ്റ് ഫോമിൽ വന്ന് നിന്നു...ഇറങ്ങാൻ കുറേ ആൾക്കാർ ഉണ്ടായിരുന്നു...എങ്ങനെയെങ്കിലും ഒരു സീറ്റ് സംഘടിപ്പിക്കണം...ഇറങ്ങുന്നവർക്ക് കയറാൻ നിൽക്കുന്നവരുടെ മുഖത്തെ ആകാംഷ ഒന്നും ഒരു പ്രശ്നം ആയിരുന്നില്ല. അവർ വളരെ അലസമായി

സാവധാനത്തിൽ ഇറങ്ങുന്നത് പോലെ തോന്നി. സോളമനു വീണ്ടും ദേഷ്യം വന്നു... പല്ലുകൾ കടിച്ചു ഇറങ്ങുന്നവരെ മനസ്സിൽ പ്രാകി ....അപ്പുറത്തെ വാതിലിലേക്ക് നോക്കി... അവിടെ ആളുകൾ കയറാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നു...അങ്ങോട്ട് പോയാലോ... വേണ്ട ഇനിയും അങ്ങോട്ട് ഓടിയാൽ പുറകിൽ ആയി പോകും... ആളുകൾ പെട്ടീം ബാഗും തൂക്കി ഇറങ്ങിക്കൊണ്ട് ഇരിക്കുന്നു... അവസാനത്തെ ആളും ഇറങ്ങിയപ്പോൾ സോളമൻ കമ്പാർട്ട്മെന്റിലേക്ക് ചാടി കയറി അപ്പുറവും ഇപ്പുറവും ഒക്കെ ഒരു സീറ്റിനായി പരതി... ഹോ നോ രക്ഷ... സീറ്റ് എല്ലാം അപ്പുറത്തെ വാതിലിൽ കൂടി കയറിയവൻമാർ കൈവശപ്പെടുത്തിയിക്കുന്നു....മുകളിലെ ബർത്തുകളിൽ ചിലതിൽ ആളുകൾ കിടക്കുകയും ഇരിക്കുകയും ചെയ്യുന്നു... കുറച്ച്കൂടെ ഉള്ളിലേക്ക് നടന്നപ്പോൾ ഒരു ബർത്ത് ഒഴിഞ്ഞു കിടക്കുന്നു... ഹോ ഭാഗ്യം എന്ന് മനസ്സിൽ കരുതി തൊട്ടടുത്ത ബർത്തിലേക്ക് നോക്കി... ആ ബെർത്തിൽ ഒരു പെൺകുട്ടി കിടക്കുന്നു... ഇതു തന്നെ പറ്റിയ സ്ഥലം...എച്ച്.പി യുടെ തോളിൽ തൂക്കിയിടുന്ന ബാഗ് ഊരി ബർത്തിനു മുകളിലേക്ക് വച്ച്...

ചെരുപ്പ് ഊരി സീറ്റിനു അടിയിൽ ഭദ്രമായി വച്ചു... സൈഡിലെ കമ്പിയിൽ ചവിട്ടി ഹനുമാനെ മനസ്സിൽ വിചാരിച്ച് മുകളിലേക്ക് കുതിച്ചു... തടി ഇത്തിരി കൂടിയിട്ടുണ്ട്... പഴയ പോലെ ഒറ്റ കുതിപ്പിനു കയറാൻ സാധിക്കുന്നില്ല...മുകളിലേക്ക് കയറിയപ്പോൾ ഫാനിലും കമ്പിയിലുമൊക്കെ തട്ടി കയറാൻ പറ്റാത്ത സ്ഥിതി വന്നു... ഒരു പരുവത്തിനു വലിഞ്ഞു മുകളിൽ കയറി... ഹോ രക്ഷപെട്ടു... സോളമൻ ഒരു ദീർഘനിശ്വാസം വിട്ടു..ബാഗിൽ നിന്നും കുപ്പിവെള്ളമെടുത്ത് രണ്ട് കവിൾ കുടിച്ചു, വരണ്ട തൊണ്ട നനച്ചു ...ഇനിയൊന്ന് കിടക്കണം, ബാഗ് ഒരു സൈഡിലേക്ക് നീക്കി വച്ചിട്ട് തല ആ ബാഗിലേക്ക് വച്ച് മലർന്നു കിടന്നു... നടുവ് ഒന്നു നിവർത്തി കിടന്നപ്പോൾ ഒരു ആശ്വാസം...ഫാനിൽ നിന്നും ചൂട് കാറ്റാണു വരുന്നതെങ്കിലും ഒരു സുഖമുണ്ട്...ഇനി ഒന്ന് മയങ്ങണം... തിരുവനന്തപുരത്ത് എത്തിയിട്ട് ഉണർന്നാൽ മതി... ഇടയ്ക്ക് അടുത്ത ബെർത്തിൽ കിടക്കുന്ന പെൺകുട്ടിയെ ഒന്നു പാളി നോക്കി.ഹാ... കാണാൻ ഒക്കെ ഒരു ചന്തമുണ്ട്...നോർത്തിൽ നിന്നും വരുന്ന മലയാളി പെൺക്കുട്ടി ആണെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാകും... ഫൂട്ട് കട്ട് പാന്റ്സും ഷർട്ടുമാണ് വേഷം... ചെവിയിൽ ബോട്ടിന്റെ ഇയർ ഫോൺ തിരുകിയേക്കുന്നു...ഇങ്ങനെ ഒരുത്തൻ തൊട്ടടുത്ത ബെർത്തിൽ വന്നു കിടന്നത് അറിഞ്ഞത് പോലുമില്ലെന്ന് തോന്നുന്നു...ഹാ... എന്തെങ്കിലും ആകട്ടെ...



സോളമൻ മലർന്ന് കിടന്നു മൊബൈൽ എടുത്ത് നോക്കി... വാട്ട്സ് ആപ്പിൽ കുറെ മെസ്സേജുകൾ വന്നു കിടക്കുന്നു... കൂടുതലും കൊറോണ സംബന്ധമായ മെസ്സേജുകൾ, മാസ്ക്ക് ധരിക്കുന്നതിനെ പറ്റിയും കൈകൾ കഴുകുന്നതിനെ പറ്റിയും ഒക്കെവിശദമായിത്തന്നെയുണ്ട്...വാർത്തകൾ നോക്കി...പത്തനംതിട്ട മാത്രമല്ല തിരുവനന്തപുരത്തും രണ്ട് പേർ നിരീക്ഷണത്തിൽ ആണെന്ന്...ഹൂ... പേടി തോന്നുന്നു...മൊബൈൽ ബാഗിൽ വച്ചിട്ട് കണ്ണുകൾ അടച്ച് കിടന്നു...കൈകൾ രണ്ടും സൈഡിലായി വച്ചു... ഇടത് കൈയ്യിൽ എന്തോ തടഞ്ഞത് പോലെ...ഒന്ന് അമർത്തി നോക്കി... പഞ്ഞി പോലെയുള്ള എന്തോ ഒന്നാണ്...ഹാ... കൊള്ളാം... പാതി മയക്കത്തിൽ അതിൽ പിടിച്ചു അമർത്തി...കൈയ്യിൽ ചുരുട്ടി പിടിച്ചു...ങ്ങേ... അതിനു വാലും ഉണ്ടോ...കണ്ണുകൾ അടച്ചു കൊണ്ട് തന്നെ അത് കൈയ്യിലെടുത്തു മുഖത്തിനു നേരെ പിടിച്ചു... കണ്ണുകൾ തുറന്നു... എന്താണിത്...രണ്ടു കൈകൾ കൊണ്ടും വിടർത്തി നോക്കി...സോളമൻ ഞെട്ടി തരിച്ചു.... അലറി വിളിച്ചെങ്കിലും... ശബ്ദം പുറത്തേക്ക് വന്നില്ല....ഏതോ ഡാഷ് മോൻ ഉപയോഗിച്ചിട്ട്, കളഞ്ഞിട്ട് പോയ ഒരു മാസ്ക്ക്...ക്ഷേ.......സോളമൻ മാസ്ക്ക് എടുത്തെറിഞ്ഞു, ബെർത്തിൽ നിന്നും താഴേക്ക് ചാടി ബാത്ത്റൂമിലേക്ക് ഓടി... താഴെ സീറ്റിലിരുന്നവർ എന്താണ് സംഭവിച്ചതെന്നറിയാതെ പരസ്പരം നോക്കി... ബാത്ത് റൂമിൽ പോയ് പല പ്രാവശ്യം കൈകൾ കഴുകിയിട്ടും മാസ്ക്ക് മനസ്സിൽ നിന്നും മായുന്നില്ല.... അതവിടെ ഇട്ടവനെ ഇപ്പോഴെങ്ങാനും കൈയ്യിൽ കിട്ടിയിരുന്നെങ്കിൽ വലിച്ചു കീറിയേനേം...മനസ്സിൽ പ്രാകി കൊണ്ട് സോളമൻ ഇടത് കൈ മണപ്പിച്ച് നോക്കി...ഇനീ അവനെങ്ങാനും കൊറോണ കാണുമോ...തിരുവനന്തപുരത്തോട്ട് പോകണോ....ഇനീം ആ മാസ്ക്കിന്റെ ഉടമസ്ഥനു കൊറോണ ഉണ്ടെങ്കിൽ അത് തനിക്കും വരില്ലേ...തിരുവനന്തപുരത്തേക്ക് പോയി ഭാര്യ നിഷയ്ക്ക് കൂടി കൊടുക്കണോ...സോളമൻ ആകെ അസ്വസ്ഥനായി, ബെർത്തിൽ ഒന്നും കയറാതെ വാതിലിന്റെ അരികിൽ ഒതുങ്ങി നിന്ന് ചങ്കിടിപ്പോടെ യാത്ര തുടർന്നു...



# ക്ലിക്ക്

## ദീപു വെഞ്ഞാറമൂട്








ലേഖനം

# മാറുന്ന ലോകവും വിവാഹ സങ്കൽപ്പങ്ങളും



**ആഷിമ സലാം**

സബീന സലാമിന്റെ മകൾ
നിയമ വിദ്യാർത്ഥിനി
ഗവ.ലോ കോളജ്
തിരുവനന്തപുരം

സ്ത്രീ എന്ന ധനത്തെ ആ ധനത്തേക്കാൾ പത്തിരട്ടി വില കൊടുത്തു വിൽക്കുന്ന ഒരു കച്ചവടം ആയി മാറിയിരിക്കുകയാണ് കല്യാണം എന്നത്. കോവിഡ്-19 പശ്ചാത്തലത്തിൽ അപ്രതീക്ഷിതമായി ധാരാളം മാറ്റങ്ങൾക്ക് വിധേയമായി ക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ അഭിനന്ദനാർഹമായ മാറ്റം വന്നിരിക്കുന്നത് വിവാഹ ചടങ്ങുകൾക്കാണ്. ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന അത്യാർഭാടപരമായ ചടങ്ങുകൾ 50ൽ താഴെ ആളുകളുടെ സാന്നിധ്യത്തിലും മനോഹരമായി നടത്താമെന്ന് നമ്മൾ തിരിച്ചറിഞ്ഞു. സ്ത്രീധനത്തുകയിലും കല്യാണച്ചിലവുകളിലും സാരമായ മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. കോവിഡ് പോയാലും നാം കൂടെകൂട്ടേണ്ട പ്രധാന മാറ്റങ്ങളിലൊന്നാണ് ഇത്. കല്യാണം എന്ന് കേൾക്കുമ്പോഴേ താങ്ങാവുന്നതിലും അധികം സ്വർണവും ഇട്ട് പെണ്ണ് ഒരു കാഴ്ചവസ്തു ആയി നിൽക്കേണ്ട ഒരു ദിവസമായി കണക്കാക്കുന്നവർ ചിലരെങ്കിലും കാണും. ആർഭാടങ്ങളും ആഡംബരങ്ങളും ദിനംപ്രതി വർധിക്കുമ്പോൾ സാമ്പത്തികമായി മുൻപന്തിയിൽ അല്ലാത്ത, പെണ്മക്കൾ ഉള്ള അച്ഛനമ്മമാർ നിസ്സഹായരാകേണ്ടി വരുന്ന അവസ്ഥയാണ്. കയറിച്ചെല്ലുമ്പോൾ കുടിക്കാൻ 10 കളറിലെ വെള്ളവും കഴിക്കാൻ ഗംഭീര സദ്യയും എണ്ണിയാൽ തീരാത്ത ഫ്ലേവറുകളിലെ ഐസ് ക്രീമും ഇല്ലാത്ത ഒരു കല്യാണത്തെ കല്യാണമായി അംഗീകരിക്കാൻ മടിക്കുന്നവരാണ് സമൂഹത്തിലെ ഭൂരിഭാഗം ആളുകളും. ഇതിലെല്ലാം ഉപരി സ്ത്രീധനത്തുകയിലെ terms and conditions എന്നത് ഇന്നും മനസ്സിലാകാത്ത ഒരു വസ്തുതയായി തുടരുന്നു. പെണ്ണിന്റെ സൗന്ദര്യവും വിദ്യാഭ്യാസവും കൂടുന്നതിന് അനുസരിച് സ്ത്രീധനത്തുകയും വർധിക്കുന്നു. എന്നാലും പെണ്ണിത്തിരി കറുത്തിട്ടാണെങ്കിൽ അല്ലെങ്കിൽ വിദ്യാഭ്യാസം



**കുറച്ചു കുറവാണെങ്കിൽ അതും സ്ത്രീധനത്തുകയിലെ ക്രമീകരണങ്ങളിലാണ് നികത്തുന്നത്. വിവാഹധൂർത്ത് ഇല്ലാതാക്കാൻ സർക്കാർ തലത്തിലും സാമൂഹ്യ സംഘടനാ തലത്തിലും പല ബോധവത്കരണങ്ങളും പരിശ്രമങ്ങളും നടത്തിയെങ്കിലും സാരമായ മാറ്റങ്ങൾ ഒന്നും സംഭവിച്ചില്ല. ശ്രീ നാരായണ ഗുരു പറഞ്ഞത് വിവാഹം എന്നാൽ ഏറ്റവും ലളിതമായി അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും ഉള്ള ഒരു ചെറിയ സംഘത്തിന്റെ സാന്നിധ്യത്തിൽ നടത്തേണ്ട ഒന്നാണെന്നാണ്. കേരള സംസ്ഥാന വനിതാ കമ്മീഷൻ അടുത്തിടെ വിവാഹ ചെലവുകൾ കുറയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതുവഴി അനാവശ്യമായ ചെലവുകളും പാഴാക്കലുകളും പരമാവധി കുറയ്ക്കാനാകും. അമിത ചിലവുകൾ താങ്ങാൻ കഴിയാത്ത ആളുകളിൽ സമൂഹം ചെലുത്തുന്ന സമ്മർദ്ദം കുറയ്ക്കാനുള്ള ഫലപ്രദമായ ഒരാശയം ആണ് വിവാഹച്ചെലവുകളിൽ ചില പ്രോട്ടോകോളുകൾ കൊണ്ട് വന്നു വലിപ്പച്ചെറുപ്പം ഇല്ലാതെ എല്ലാ കല്യാണങ്ങൾക്കും ഒരു നിശ്ചിത തുക കല്യാണ ചെലവും ഒരു നിശ്ചിത എണ്ണം അതിഥികളും ആക്കുക എന്നത്. ചെറിയ ചെറിയ മാറ്റങ്ങൾ വഴി സമൂഹത്തിൽ വലിയ നന്മകൾ നമുക്ക് കൊണ്ടുവരാൻ സാധിക്കും. വിവാഹം എന്നത് സ്വർണവും ആഡംബര വണ്ടിയും ദിവസങ്ങൾ നീളുന്ന ഉത്സവവുമാണ് എന്നാ ചിന്താഗതി ഇനിയും നാം തുടരരുത്. ഈ ദുരിതകാലത്ത് പരസ്പരം താങ്ങായി തണലായി എത്രയും ലളിതമായി  നാം നടത്തിയ നൂറുകണക്കിന് കല്യാണങ്ങൾ നാളെയുടെ മാതൃകയാവട്ടെ. വിവാഹം എന്നതും പെണ്മക്കൾ എന്നതും അച്ഛനമ്മമാരുടെ ആശങ്കയും ഉത്കണ്ഠയും ആവാതിരിക്കട്ടെ. വിവാഹം എന്നത് ഒരു വിപണി അല്ല മറിച് രണ്ട് മനസ്സുകളുടെയും കുറച്ചു മനുഷ്യരുടെയും സന്തോഷം ആണ്. അത് ഇന്നും എന്നും അങ്ങനെ തന്നെ നിലനിൽക്കട്ടെ. സ്വർണത്തിന്റെയും ആഹാരത്തിന്റെയും തട്ടിൽ അല്ല നന്മയുടെയും സ്നേഹത്തിന്റെയും തട്ടിലാണ് അത് അളക്കേണ്ടത്.**

## Thought of the time

# LEARN TO LOVE OURSELF

The one who doesn’t know how to love himself will surely fail to love others. You can enjoy the magic of love only when you learn to love. We should adore our self in the best possible way. When one feels good with oneself, life becomes happy and enjoyable.



**_DEVIKA D S_**

**Daughter of Deepa**




The one who doesn’t know how to love himself will surely fail to love others. You can enjoy the magic of love only when you learn to love. We should adore our self in the best possible way. When one feels good with oneself, life becomes happy and enjoyable.

Loving yourself is possible only when the short coming and weakness are accepted in the right spirit. You may be short or black, yet don’t be disheartened.Accepted, what nature has given you and believe that you are a unique creation of God. Can you believe that you are a unique creation of God, that you are found of the whole universe but here where you are.

The nightingale is happy because she knows that her sound is sweet. Kiwi thinks that no one diver better than her. And an owl feels happiness in the darkest how of the night when no one can see him and he can see everybody. In short, your happiness lies in your ability to spot out your power and love yourself.

കവിത

# അമ്മ

## ഗോപിക ഡി എസ്

ദീപയുടെ മകൾ





എന്നും കാലത്തമ്മേ.....
അമ്മയ്ക്കെന്തൊരു മേളം
അച്ഛനു കാപ്പിയോരുക്കാൻ
കൊച്ചനുജത്തിയെ നോക്കാൻ
ചോറും കറിയും വയ്ക്കാൻ
എന്നെ ഒരുക്കിഅയയ്ക്കാൻ
നൂറു തിരക്കുകൾ    ബഹളം
എങ്കിലും സഞ്ചിയുമായ് ഞാൻ  പോകേ,
എന്നുടെ നെറ്റിയിലുമ്മതരുന്നോരമ്മ
യ്ക്കെന്തൊരു ഭംഗി.



# വരയും വർണ്ണവും

## ലക്ഷ്മി നന്ദന

**കമലയുടെ മകൾ**






## വരയും വർണ്ണവും

## ശ്രേയ അജിത്

**അജിത് പ്രസാദിന്റെ മകൾ**



## കവിത




**സ്മിത ശ്രീജിത്**

ശ്രീജിത്ത്  വയനാടിന്റെ
ഭാര്യ


# പട്ടട

ഇനിയും മരിക്കാത്ത ഭൂമിക്കു
ചരമ ഗീതം കുറിച്ച മഹാകവേ
ഇന്നിൻ കവിയിതാ ഭൂമിതൻ
പട്ടടമേൽ ഇരുന്നു പാടുന്നു
ഭൂമിയാം അമ്മതൻ മക്കൾ നിൻറെ
മാറു പിളർന്നു കോൺക്രീറ്റ് സൗധം
പണിയവേ തമ്മിൽ തമ്മിൽ വെട്ടി മരിക്കവേ
നീയാം അമ്മതൻ അലിവർന്ന രൂപം മാറി
ഭാവം മാറി ചൂടാം അഗ്നിപർവ്വതമായും
പ്രളയമായും മഹാമാരിയായും സംഹാര
താണ്ഡവമാടി നിന്റെ മക്കളെ തന്നെ
കൊന്നൊടുക്കേണ്ടി വന്ന നിസ്സഹായയാം
അമ്മയായ് മാറിയോ ?

ഇന്നിൻ കവിയായ ഞാനും ഇന്നറിയുന്നൂ
ഈ വരികൾ കുറിക്കാൻ ഞാനെടുത്ത
പുസ്തകത്താളും നിന്റെ മാറിൽ
നിന്നെടുത്തതെന്നു
നാളെയുടെ കവികൾക്ക് എഴുതുവാൻ
ഞാനീ താളുകൾ മാറ്റിവെക്കുന്നു
..........
അന്ന് നീയും നിന്റെ മക്കളും ഉണ്ടെങ്കിൽ



കഥ

# അധ്യാപനം



ശ്രീജിത്ത്
കെ
വയനാട്

നീണ്ട 33 വർഷത്തെ അധ്യാപനവും അതിന്റെ യാത്രയപ്പും കഴിഞ്ഞു, ഇന്നത്തേക്ക് ഏഴു ദിവസം ആവുന്നു. ജനാർദ്ദനൻ മാഷ് വീടിന്റെ ഉമ്മറത്തെ ചാരുകസേരയിൽ ഇരുന്നു ഓർമകളിലേക്ക് വഴുതി വീണു.
ജോലിയിൽ പ്രവേശിച്ച അന്ന് മുതലുള്ള കാര്യങ്ങൾ ഓരോന്നായി മനസിലേക്ക് ഓടിയെത്തി. ഒരു ദീർഘനിശ്വാസത്തോടെ മാത്രമേ ജോലിയിൽ പ്രവേശിക്കുന്നതിൻറെ തലേ ദിവസത്തെ കാര്യങ്ങൾ ഓർക്കാൻ കഴിഞ്ഞുള്ളു, അന്ന് രാത്രി ഒരുപോള കണ്ണടക്കാൻ കഴിയാത്തതും. പിറ്റേ ദിവസം താൻ കുട്ടികളെ പഠിപ്പിക്കാൻ പോവുന്നതും , കുട്ടികൾ താൻ പറയുന്നത് കേട്ടിരിക്കുമ -, അതൊക്കെ അവർക്കു മനസിലാവുമോ എന്നൊക്കെയുള്ള ചിന്തകൾ മനസിനെ അസ്വസ്ഥമാക്കിയതും മാഷ്ന്റെ ചിന്തകളിൽ തെളിഞ്ഞു വന്നു. മുപ്പത്തിമൂന്നു സംവത്സരങ്ങൾ ! തന്റെ ജീവിതത്തിന്റെ മുക്കാൽ ഭാഗവും അധ്യാപനവൃത്തിയിൽ! മാഷ് അഭിമാനപൂർവം ഞെളിഞ്ഞിരുന്നു. ഏതൊക്കെ തരത്തിലുള്ള വിദ്യാർത്ഥികളാണ് മുമ്പിലൂടെ കടന്നു പോയത്? , അവർ എവിടെയൊക്കെയാണ് എത്തിച്ചേർന്നിരിക്കുന്നത്? കുറേപേർ ഡോക്ടർന്മാരായി, ചിലർ എഞ്ചിനീർമാരായി , കുറെ മിടുക്കന്മാർ സിവിൽ സർവീസിലും...മറ്റു ചിലർ ഡ്രൈവറും പോലീസും അങ്ങനെ പലതും ... പലതും സന്തോഷം നൽകുന്നവയാണ്.

എന്നാലും...
കുറച്ചുപേർ പാതിവഴിയിൽ പഠിത്തം ഉപേക്ഷിച്ചവർ !
കല്യാണം കഴിച്ചും, കല്യാണം കഴിക്കാൻ ചാടി പോയതും , അകാലത്തിൽ പൊളിഞ്ഞു പോയതും - അങ്ങനെ പല കാരണങ്ങൾ.ചിലർ രാഷ്ട്രീയം കളിച്ചു പഠനം ഉപേക്ഷിച്ചവർ.അല്ലെങ്കിൽ പഠനം പൂർത്തിയാക്കാത്തവർ!
അതിൽ ചിലരെങ്കിലും രാഷ്ട്രീയത്തിൽ എത്തിയിട്ടുണ്ട്.മാഷ് ഓർത്തു....പിന്നെ ചിന്തിച്ചു.
ഇവർ തന്നെയാണോ രാഷ്ട്രീയത്തിൽ വരേണ്ടത്? പഠിക്കുമ്പോൾ ഏൽപ്പിച്ച ജോലി ചെയ്യാൻ കഴിയാത്തവർ- ഇവർ തന്നെയാണോ?
ഉടൻ തന്നെ മാഷ് അത് തിരുത്തി .ആരെയോ പേടിക്കുന്നത് പോലെ....
ജനാർദ്ദനൻ മാഷ് എല്ലാം മായ്ച്ചു കളയാൻ പതുക്കെ ഉച്ചയുറക്കത്തിലേക്ക് അഭയം തേടി


Story

# Renaissance



***NIHARIKA DEVI S***

**Daughter of Sreejith Wayanad**



**Once upon a time, in a vast Kingdom there lived a wise and humble king. The king was happy except for one thing – he had no children. After fifteen years he had a daughter. He loved her so much, gave her everything she wanted and always made her happy. One day the princes fell ill. The King called doctors from different places to cure his daughter. But none could save her.**

**The king was sad and unhappy. He brought many hermits to being his daughter back to life. The hermits was afraid to disobey the king and when the hermits failed the King executed them. One day the King want to sleep early and in his dream his daughter came to him and said " father when you lost me you fell so sad think how the hermits family felt. I will always be with you in your heart", saying this princes left. The King woke up with a stant and soon understood his mistake. If we keep on being sad above the loss in life will have no time to enjoy all the happiness.**

കഥ

# മലബാറിലെ ഓർമ്മകൾ

## പ്രസാദ് മല്ലപ്പള്ളി



മഞ്ഞിൽ കുതിർന്ന പ്രഭാതം, ഞാൻ ഓവർ ബ്രിഡ്ജിനടിയിലൂടെ കടന്നു പോകുന്ന റോഡിലൂടെ ഞാൻ വേഗം സ്കൂളിലേയ്ക്ക് നടന്നു പോകുന്നു. തൊട്ടടുത്ത റയിൽവേ സ്റ്റേഷനിൽ തിരുവനന്തപുരത്തേയ്ക്ക് പോകുന്ന ഏതോ ട്രെയിനിൻറെ അറിയിപ്പ് വന്നു. ഓവർ ബ്രിഡ്ജിനടിയിലുള്ള റോഡിനടുത്തുള്ള അമ്പലത്തിൽ നിന്നും കൈയ്യിൽ വാഴയില ചീന്തിൽ പ്രസാദവുമായി ഒരു യുവതി എനിക്കഭിമുഖമായി വരുന്നു. എൻറെ അടുത്തെത്തിയപ്പോൾ തലയുയർത്തി എന്നെനോക്കി മന്ദഹസിച്ചു. എന്തൊരു ഐശ്വര്യം, ഞാൻ മനസ്സിലോർത്തു സെറ്റ് സാരിയാണ് വേഷം നന്നായി വെളുത്ത ആ കുട്ടികയ്ക്ക് ആ വേഷം നന്നായി ചേരുന്നുണ്ട്. ഞാൻ നടന്നു നീങ്ങി അല്പം മുൻപോട്ട് നടന്നിട്ട് തിരിഞ്ഞു നോക്കുമ്പോൾ അതാ അവളും തിരിഞ്ഞു നോക്കി ചിരിക്കുന്നു. പെട്ടെന്ന് ജാള്യതയോടെ രണ്ടുപേരും നടന്നകന്നു.

കുറേ ദിവസങ്ങൾക്ക് ശേഷം വീണ്ടും ഞങ്ങൾ കണ്ട് മുട്ടിയപ്പോൾ വെറുതേ ഞാൻ ചോദിച്ചു ഹലോ തൻറെ വീടെവിടെയാണ്? ഹൈവേയിലേയ്ക്ക് കയറുന്നതിൻറെ വലതുസൈഡിൽ ആദ്യത്തെ വീട്, അവൾ പറഞ്ഞു. പേരെന്താണ്? ഞാൻ വീണ്ടും ചോദിച്ചു. സീതാലക്ഷ്മി. അവൾ ചിരിയോടു കൂടി പറഞ്ഞു. മാഷിൻറെ പേരെന്താണ്? അവൾ ചോദിച്ചു. ഹരിഗോവിന്ദൻ, ഞാൻ പറഞ്ഞു. എന്നാൽ ഞാൻ പോകട്ടെ. അപ്പോൾ ഞാൻ ചോദിച്ചു, താനെന്തെടുക്കുന്നു? പെരിന്തൽമണ്ണ ഗവഃ കോളേജിൽ എം.എസ്.സി മാത്സ് ഒന്നാം വർഷം പഠിക്കുന്നു. അവൾ പറഞ്ഞു.

അവളുടെ അച്ഛൻ ഗൾഫിൽ മെഷീനിസ്റ്റായി ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു. അമ്മ അടുത്ത സ്കൂളിൽ ഫിസിക്സ് ടീച്ചറായി ജോലി ചെയ്യുന്നു. അനുജൻ അതേ സ്കൂളിൽ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നു. പിന്നെ ഞങ്ങൾ അടുക്കുകയായിരുന്നു.

അന്ന് സീതാലക്ഷ്മി അമ്പലത്തിൽ പോയിട്ട് വരുമ്പോൾ എന്നോട് പറഞ്ഞു അമ്പലത്തിലെ പൂരമാണ് മാഷ് വരണേ. ഞാൻ മാത്രമേ ഞങ്ങൾ സഹപ്രവർത്തകർ താമസിക്കുന്ന താമസസ്ഥലത്ത് ഉണ്ടായിരുന്നുള്ളു . ഞാൻ അന്ന് കേരളീയ വേഷമായ മുണ്ടും ഉടുത്ത് ഹാഫ് ഷൂസും ഇട്ട് ഞാൻ അമ്പലത്തിലേയ്ക്ക് പോയി. അവിടെ തെയ്യം തകൃതിയായി നടക്കുന്നു. ആൽത്തറയിലിരിക്കുന്ന സ്ത്രീ ജനങ്ങൾക്കിടയിലേയ്ക്ക് നോക്കിയപ്പോൾ ആൽത്തറയിൽ അതിനോട് ചേർന്നുള്ള സ്റ്റെപ്പിൽ സീതാലക്ഷ്മിയും അമ്മയും അനുജനുമിരിക്കുന്നു. എന്നെ കണ്ടതും പരിചയ ഭാവത്തിൽ അത്ഭുതത്തോടുക്കൂടി എന്നെ നോക്കി. പൂരത്തിന് ശേഷം ആളുകൾ വീട്ടിലേക്ക് മടങ്ങുമ്പോൾ അവളും അമ്മയും അനുജനും എൻറെ അടുത്തേയ്ക്കു വന്നു. അവൾ എന്നെ അമ്മയ്ക്ക് പരിചയപ്പെടുത്തി. അമ്മേ ഇത് ഹരിഗോവിന്ദൻ മാഷ്, ഇവിടെ ഓവർ ബ്രിഡ്ജിനടുത്തുള്ള സ്കൂളിൽ വർക്ക് ചെയ്യുന്നു. ഞാൻ ബഹുമാനത്തോടെ അവളുടെ അമ്മയ്ക്ക് നേരെ കൈകൂപ്പി. വിലാസിനി ടീച്ചർ അവിടെയല്ലേ ജോലിചെയ്യുന്നത്? അതേ, മാത്സ് പഠിപ്പിക്കുന്ന ഭാരതപുഴക്കടുത്തുള്ള വീടുള്ള ടീച്ചറല്ലേ? ഞാൻ ചോദിച്ചു. അതേ അവർ പറഞ്ഞു. നിങ്ങൾ പരിചയക്കാരാണോ? അതേ, ഞങ്ങൾ തിരൂർ കോളേജിൽ ഒന്നിച്ച് എം.എസ്.സി യ്ക്ക് ഒരുമിച്ച് പഠിച്ചവരാണ്. ടീച്ചറുടെ പേരെന്താണ്? മോൻറെ പേരെന്താണ്? ഞാൻ അവളുടെ അനുജനോട് ചോദിച്ചു. കൃഷ്ണപ്രസാദ്, അവൻ ചിരിയോടുകൂടി പറഞ്ഞു.ഞാൻ ചോദിച്ചു. ദീപ, അവർ മറുപടി പറഞ്ഞു. മോൻറെ പേരെന്താണ്? ഞാൻ അവളുടെ അനുജനോട് ചോദിച്ചു. കൃഷ്ണപ്രസാദ്, അവൻ ചിരിയോടുകൂടി പറഞ്ഞു. എന്നാൽ ഞങ്ങൾ പോകട്ടെ. അവർ യാത്ര പറഞ്ഞു പിരിഞ്ഞ. ബൂത്തിൽ നിന്ന് ഞാൻ ഇടയ്ക്കു ഫോൺ ചെയ്ത് ഫോൺ ചെയ്ത് അവളോട് സംസാരിക്കാറുണ്ടായിരുന്നു. അമ്മയ്ക്ക് ഈ ബന്ധം ചെറുതായി അറിയാമായിരുന്നു. എങ്കിലും അവർ അറിഞ്ഞതായി ഭാവിച്ചില്ല. അവരുടെ സുഹൃത്ത് എൻറെ അടുത്ത സുഹൃത്തായിരുന്നു.

ഒരുദിവസം സ്കൂൾ അഡ്മിഷൻ നടക്കുന്ന സമയത്ത് ഞാൻ സ്കൂളിലേയ്ക്ക് പോകുവാൻ ധൃതിപിടിച്ച് നടക്കുമ്പോൾ സീതാലക്ഷ്മി എതിരെ നടന്നു വരുന്നു. അച്ഛൻ വന്നിട്ടുണ്ട് ഞങ്ങൾ വീട് വിട്ട് കോഴിക്കോട്ടേയ്ക്ക് പോകുകയാണ്. അത് പറയുമ്പോൾ അവളുടെ കണ്ണിൽ നിന്നും കണ്ണുനീർത്തുള്ളികൾ താഴെ വീണുടയുന്നുണ്ടായിരുന്നു.

ഒരു ദിവസം എനിക്ക് ഒരു ട്രാൻസ്ഫർ ഓർഡർ ഓഫീസിൽ വന്നു. ഞാൻ അത് വായിച്ചു നാട്ടിലേയ്ക്ക് ട്രാൻസ്ഫർ. ഞാൻ വളരെയധികം സന്തോഷിച്ചു. ഞാൻ ഉടൻ ബൂത്തിലെത്തി സീതാലക്ഷ്മിയെ വിവരം അറിയിച്ചു.



അവൾ ചോദിച്ചു പോകുവാനില്ലേ? ഇനിയെന്ന് കാണും. ഒരു തേങ്ങലോടെ ചോദിച്ചു. എൻറെ കൂടെ വരുന്നോ? ഞാൻ ചോദിച്ചു ഒരുതേങ്ങലായിരുന്നു മറുപടി. മാഷ് പോയിവരൂ. എന്നെ വിളിക്കണേ അവൾ പറഞ്ഞു.

ഞാൻ ട്രെയിനിൽ കയറി സീറ്റ്  പിടിച്ചു സൈഡ് സീറ്റിലിരുന്നപ്പോൾ ട്രെയിൻ പുറപ്പെടാനുള്ള അറിയിപ്പ് വന്നു, അപ്പോൾ ദൂരെ നിന്നും ഓടിക്കിതച്ച് അതാ ഓടി വരുന്നു സീതാലക്ഷ്മി. കണ്ണീരോടെ ഒരു യാത്രമൊഴി. വാതിലിനടുത്തെത്തി ഞാൻ കൈയ്യുയർത്തി യാത്രമൊഴി നൽകി. വണ്ടി അപ്പോൾ നീങ്ങിത്തുടങ്ങിയിരുന്നു. പിന്നെ വർഷങ്ങൾ പിന്നിട്ടു പല സ്ഥാപനങ്ങളിൽ ജോലി ചെയ്തു.

ഒരു സ്ഥാപനനത്തിൽ ഒരിക്കൽ അഡ്മിഷനിലിരിക്കുമ്പോൾ സ്റ്റുഡന്റ്സ് ഡീറ്റയിൽസിൽ ചെക്കുചെയ്യുമ്പോൾ മലപ്പുറത്തു നിന്നും ഒരു പെൺകുട്ടിയുടെ പേര് ശ്രദ്ധയിൽപ്പെട്ടു  വെറുതെ ഒന്ന് മറിച്ചുനോക്കി. അല്പസമയത്തിന് ശേഷം ഒരു പെൺകുട്ടിയുടെ പേര് വിളിച്ചു, അഞ്ജലി എസ്. ആ പെൺക്കുട്ടി എൻറെയടുത്ത് വന്നു. അവൾ അമ്മെ വരൂ എന്ന്  വിളിച്ചു.

അപ്പോൾ വന്ന സ്ത്രീയെ കണ്ടപ്പോൾ എനിക്ക് അവിടെനിന്നും എഴുന്നേറ്റു പോയാലോ എന്ന് തോന്നി. അവർ എൻറെയടുത്തുവന്ന്  കുട്ടിയുടെ ഒർജിനൽ ഡീറ്റെയിൽസ് തന്നു. ഞാൻ അത് പരിശോധിച്ചു. അച്ഛൻ എന്ത് ജോലി ചെയ്യുന്നു? കുട്ടിയോട് തിരക്കി. ഗൾഫിലാണ്. സീതാലക്ഷ്മി എൻറെയടുക്കൽ വന്നു. എന്നെ ഈ സ്ഥാപനത്തിൻറെ തൊട്ടടുത്താണ് കല്യാണം കഴിച്ചിരിക്കുന്നത്. ഞാൻ എൻറെ ജോലി സുഹൃത്തിനെ ഏൽപ്പിച്ച് വേഗം പുറത്തെയ്ക്ക് വന്നു. സീതാലക്ഷ്മി മകളെ എന്നെ പരിചയപ്പെടുത്തി. ഞാനപ്പോൾ  സീതാലക്ഷ്മിയോട് പറഞ്ഞു ഭൂമി ഉരുണ്ടതാണെന്ന്. നമ്മൾ വീണ്ടും കണ്ടുമുട്ടി. അവളെയും മകളേയും ക്യാന്റീനിൽ കൊണ്ടുപോയി ചായയും സ്നാക്സും ഓർഡർ ചെയ്തു. പണം കൊടുത്തിറങ്ങുമ്പോൾ സീതാലക്ഷിയും മകളും യാത്ര പറഞ്ഞു പോയി മനസ്സിൽ ഒരു സന്തോഷത്തിൻറെ ഒരു തിരിയിലാക്കാമായിരുന്നു. വീണ്ടും അവളെ ഒരിക്കലെങ്കിലും കാണാം പറ്റിയല്ലോ. വീണ്ടും ഞാനെൻറെ ജോലിയിൽ വ്യാപൃതനായി.

*Art*

# Richa Anna Saji


**Daughter of Lucy**





*Story*

# The Sunrise




## Aparna B

**Daughter of Babida**


“When was the last time you did something for the first time?” Aahi asked him. It was 3 in the morning. She was on top of Moula Ali hill with her friends. Some one thousand five hundred kilometres away, at the other end of the phone, Ehit sounded irritated. “That’s why you called?” “Do you know where I am now?” She sounded excited. “No”, he said plainly. He was too sleepy. “I am on top of Moula Ali!” She screamed into the phone. “So?” Obviously, he didn’t get what she meant. “You see, I’m out with my friends! Without my parents! For the first time in my life!” There was nothing in this world which could ruin her moment, not even the irritated, uninterested “so” from her best friend.

On the other end, he was genuinely happy for her. He knew what this meant to her. But he didn’t show that. He simply said, “So what’s the big deal in this? I’ve done this numerous times.” He gained an unusual pleasure in irritating her and picking up random fights and he was good at it too. “You know it’s different.” Her tone was slightly defensive. He broke into a smile. He had succeeded in his venture. Now all he had to do was play it cool until she develops this into a fight. But for some reason, she decided to drop it. Instead, she said, “I feel like writing but I don’t have a book or pen.”

Slightly disappointed at his failure, he said, “Well you could make an inscription.”

“That was a lame joke. You know-“

**She was interrupted by Aghigh and Estaah. They were singing 'Lost on you' on the top of their lungs.**
**"You know what, I'll call you later. Bye." She cut the call as he started laughing.**
**She looked around. Raine was vlogging. "As you can see Aghigh and Estaah are singing, Aahi is making a call and Evanah is sleeping", and she went on to talk about the view from the hilltop. Evanah was sleeping peacefully. She looked like a peanut under those blankets.**
**A few hours ago they were partying in their hostel room. When they were dancing to 'S&M', Estaah came up with this brilliant idea. "Wait, why don't we go to Moula Ali?" The other girls looked at her. "That would be great!" exclaimed Aahi. She was actually growing tired of the party. She has been wanting to visit Moula Ali hill since day one. She said, "It's just 1:00 am. If we leave in an hour we can relax there until sunrise. Also, Evanah is going back in two days and we all know that our well-planned trips are never going to happen." This was it, her most awaited adventure after gaining relaxation from the leash she was on all these years. Everybody seemed to agree that this was the best idea ever. Aahi waited for them to wind up the party, but her friends were in no hurry. She asked them whether she could book the cab, every now and then. Despite her reminding them of their plans in between their drinks, she couldn't succeed in persuading them to even get out of the room. She began to feel that this was not going to happen. Raine, the only other person who was sober, seemed to guess what was wrong. She motivated Aahi for one last try and together they forced the three girls into getting dressed. By the time the cab arrived, they were all ready for the night's adventure.**
**The Ola driver looked at them suspiciously. They looked back at him with equal intensity and on a mutual understanding of suspicions, they got in. Once inside the cab, too reluctant to turn off the party mode, Estaah and Aghigh started singing along with the songs from the tablet in the backseat. The rhythmic shaking of their heads and the occasional remarks made on the songs and the cab driver's reliability was entertaining. Raine was in the front seat, glancing at the driver occasionally. She had a strong intuition that the guy was growing tired of them. Suddenly the music stopped and a message asking for a subscription to continue flashed on the screen. This shifted their attention entirely from the screen to the cab driver. They were disappointed that he did not have a subscription. Unstoppable, Estaah played music on her phone. It might be the guy's glance at the girls in the backseat, which was kind of creepy, that triggered what happened next. "He is kidnapping us," Aghigh remarked casually in between her moves. They were conversing in Malayalam until then. But this particular remark was in English, plain and loud. Aahi and Raine looked at each other, both fearing the obvious. However, the guy didn't seem to mind and they were relieved when the ride came to an end.**

**It was nice to be up here. One could see the whole city. The tiny dots of light were spread as far as your eyes could see. After taking in the mesmerizing view, she tried taking pictures. Her non-existing photography skills with the combined effect of her phone's poor camera did not seem to meet her needs. She sent a few of the clicks to Ehit. After all, he was the expert. He texted back immediately. As she expected, he was disappointed. He began texting her on how to get good pictures of the view with a phone camera as bad as hers. Using the 'online' tutorial hacks she tried clicking a lot of pictures. It was difficult to understand what he was trying to convey via texts. It would have been better if he could show her how to do it. She was spamming his inbox with every single click she took to know whether she was getting there. Ehit sent her samples of the pictures he took so that she might understand what he was saying. She was trying to make sense of what he was explaining. She liked it when he explained to her about things which she doesn't know. She was never ashamed of letting him know how ignorant she was about certain things which were expected to be known by everyone. The explanations and trials went on for an hour. By the time Ehit went to sleep, Aahi had clicked some decent pictures.**

**After growing tired of taking pictures, she stood looking at the view stretched out in front. Their University was somewhere there, lost in the sea of city lights. She tried to locate it in vain. She was afraid of heights. Her heart was still knocking hard on her ribs to be let out. When she realised how close to the edge she was, she felt that familiar feeling under her feet. Her hands began sweating and she hastily moved backwards. She joined the others. Raine had brought some rotis and peanut butter. They were grateful for that as all of them were hungry. Aahi looked at Aghigh and Estaah. They were her roommates. Those two women were the prime reason why she was there. She was the youngest and naivest among them. They literally took care of her, despite the short period of time they've been together. Raine came in later and took the choice to stay. Together the four of them made quite a team. Evanah, Estaah's sister, had come to stay with them for a week.**

**With their tummies full, they sat down to enjoy the view before getting up and partying again. They clicked a lot of pictures together, took sneaky pictures of each other and filmed their worst moments. They danced to their favourite numbers and sang along with LP, Rihanna and Lady Gaga. They were alone on the hill. Nobody came in to interrupt their joy. They were so immersed in having fun that they missed the first rays of the rising sun. Once they realised that, the rising sun took all the attention away from the photoshoots and songs. By an unspoken agreement, silence prevailed.**

**Aahi sat down at the edge of the hill. She closed her eyes and felt the warmth of the rays. It was not the first sunrise she was witnessing, yet this one was special. All those years when she felt chained didn't matter anymore. After the excitement of their night-time adventure, she felt a peace come over her.**

കഥ

അമലാ ജസ്റ്റിൻ

# ശിലയിലൊളിച്ച യുവത്വം



അരുൺ രാജിന്റെ ഭാര്യ

**വർണശബളമായ വസ്ത്രങ്ങളണിഞ്ഞു കൊണ്ട് സുന്ദരിയായി ഒരുങ്ങി നിൽക്കുന്ന കലാലയം. പുതിയ ആൾക്കാരുടെ വരവും പഴയ ആൾക്കാരുടെ പോക്കും ഒന്നും അവളെ ബാധിക്കാറില്ലെങ്കിലും അവൾ അണിഞ്ഞൊരുങ്ങാറുണ്ട് ഇതുപോലെ... വർഷാവർഷം.**
**ഇന്നും പുതിയ ആൾക്കാർ വരുന്നുണ്ട്... പതിവ് കാഴ്ചകൾ തന്നെ...**
**അവൾ കാതോർത്തു... "ജീവിതത്തിന്റെ ദിശ നിർണയിക്കുന്നതിവിടെ ആണെന്നും, നന്നായി പഠിച്ചു മിടുക്കരാവണം" എന്നൊക്കെ ഉള്ള സ്ഥിരം ഉപദേശപല്ലവികൾ..**
**ഈ ഉപദേശ പല്ലവികൾക്ക് പുറമെ കുറെ മുദ്രാവാക്യങ്ങൾ കൂടി ഹൃദിസ്ഥമാണവൾക്ക്...**
**ഏറെ കേട്ട് കേട്ട് മനസ്സിൽ പതിഞ്ഞുപോയവ...**
**ഒരുങ്ങിക്കെട്ടി നിൽക്കുന്ന ഈ നിൽപ്പ് അവൾക്ക് മടുത്തെങ്കിലും അനിവാര്യമായ ആ നിൽപ്പിൽ പുതിയ കാഴ്ചകളുണ്ടോ എന്നറിയാൻ അവൾ കണ്ണോടിച്ചു... കുറച്ചു ദൂരെ മുത്തശ്ശി മരത്തിന്റെ തണലിൽ മാറി നിൽക്കുന്ന ഒരു അമ്മയും മകനും...**
**മുഷിഞ്ഞ ഒരു സാരി ഉടുത്തിരുന്ന അവർ അതിനേക്കാൾ മുഷിഞ്ഞ ഒരു നൂറു രൂപ മകന്റെ കയ്യിൽ കൊടുത്തിട്ട് ഒന്നും മിണ്ടാതെ അവളെ തിരിഞ്ഞ് നോക്കി ഒരു ദീർഘനിശ്വാസത്തോടെ മടങ്ങി പോയി... മകനെ അവളുടെ കയ്യിൽ ഏല്പിച്ചു മടങ്ങുമ്പോലെ...**
**പിന്നീട് കുറച്ചു നാളുകൾക്ക് ശേഷം ആ അമ്മ അവളുടെ അടുത്തെത്തി**
**... അന്നവൾ വർണാഭമായ വസ്ത്രം മാറ്റി ഒരു കറുത്ത വസ്ത്രം ധരിച്ചിരുന്നു... ഈ തവണ ആ അമ്മ മകനെയും കൂട്ടി അവളെ തിരിഞ്ഞ് നോക്കാതെ കടന്നുപോയി...**
**തോരാത്ത കണ്ണീരുമായി...**
**അപ്പോൾ അവളുടെ അടുക്കൽ ഒരു സ്മാരകശില കൂടി ഉയർന്നു... ഒരു രക്തസാക്ഷി കൂടി... പ്രയോജനപ്പെടേണ്ട ഒരു യുവത്വം കൂടി ഒരു ശിലയിൽ കയറി ഒളിച്ചു...**
**അവൾക്ക് അപ്പോഴും മാറ്റങ്ങൾ ഒന്നും ഉണ്ടായില്ല... കാലഗതികൾക്കനുസരിച്ചു അവൾ വസ്ത്രങ്ങൾ മാറി ധരിച്ച് നിർവികാരയായി നിന്നു.**

## കവിത

# എന്റെ ഗ്രാമം


## നിരഞ്ജ്ജൻ  പ്രസാദ്

പ്രസാദിന്റെ മകൻ




പാടങ്ങളും പിന്നെ തോടുകളും
അമ്പലോം പള്ളിയുമൊക്കെയുണ്ട്.
താഴോട്ടു മാറിയാൽ സ്കൂളുമുണ്ടേ
പിന്നെ നെല്ലു വിളയുന്ന പാടമുണ്ടേ.

ഉത്സവമായാൽ പൂരമുണ്ടേ
ചെണ്ടയും ആനയുമൊക്കെയുണ്ടേ
കഥകളിതെയ്യവും കാവടിയും
കരാകാട്ടോം കോലവുമുണ്ടവിടെ.

ഗ്രാമത്തിൽ എല്ലാരും ഒത്തുകൂടി,
പൂരപ്പറമ്പോക്കെ ഉത്സവമായ്,
ആനയും അമ്പാരി ആലാവട്ടോം
മുത്തുക്കുടയും പിന്നെ തീവെട്ടിയും.

ആലാവട്ടോം പിന്നെ വെഞ്ചാമരവും
മയില്ലാട്ടോം കതിനയും ഉണ്ടവിടെ.
ഓർമ്മയിൽ എപ്പോഴും എൻറെ ഗ്രാമം
സുന്ദരമായൊരു ഗ്രാമമാണേ!

കവിത

# കാതോർത്ത് .......



ആഷ സുകുമാരൻ

**വെയിൽ വീണ വഴികളിൽ**
**നിഴലുകളാടി**
**ചെമ്പരത്തിപ്പൂവേലി**
**തണലേകി നടവഴിയിൽ,**
**സൂര്യന്റെ പ്രഭയിൽ**
**വർണ്ണം വിടർത്തുന്ന**
**വാകപ്പൂ മരങ്ങളും,**
**മുടിയിഴ തലോടും**
**കാറ്റിന്റെ ഗന്ധത്തിൽ**
**ഇലഞ്ഞിപ്പൂ ഗന്ധവും,**
**തൊടിയിലെ തോട്ടത്തിൽ**
**മുല്ലയും പിച്ചിയും,**
**ഒരു കുലയിൽ വിടരുന്ന**
**പനിനീർ പുഷ്പങ്ങളും,**
**മനം കുളിർപ്പിച്ചു**
**ഞാൻ മെല്ലെ നീങ്ങി**
**നഗ്ന പാദയായ്**
**പഞ്ചാര മണലിൽ,**
**പാദം നനച്ചുകൊണ്ടോ-**
**ളങ്ങൾ വെട്ടുന്ന**
**വെള്ളത്തിൽ മീനുകൾ**
**തലപൊക്കി മെല്ലെ,**
**മുങ്ങി നിവർന്നു ഞാൻ**
**ഉന്മേഷത്തോടെ**
**ചുറ്റിലും ഓളങ്ങൾ**
**വലയങ്ങളാക്കി,**
**മുട്ടോളമെത്തുന്ന**
**മുടി മിനുക്കി,**
**തുമ്പിൽ തുളസിക്കതിരും ചൂടി,**
**പച്ചവിരിച്ചാടും**
**നെൽവയലിന്നോ**
**രംചേർന്നു ഞാൻ**
**കയറി മൺപടവുകൾ..**
**ചന്ദന സുഗന്ധവും,**
**മണിനാദവും,**
**മന്ത്ര ജപങ്ങളും**
**മനസാ..വരിച്ചു ഞാൻ**
**കണ്ണടച്ചാൽമര**
**ചോട്ടിലെ തണലത്തു**
**ഇള ദലമർമ്മരവും കാതോർത്ത്**

Poetry

# Mysterious mind....



**Lekshmi Krishna**
Daughter of Asha Sukumaran

Life holds the fiction of evictions
My mind is a depiction of many infliction
At times, I feel to come out of these restrictions
and fill my heart with beautiful reflections.

In that I could see my heart,
with unrolled petals in red and
many craters with dreadful cliques.
What struck my eyes is the alluring beauty but what hit my mind is the irksome cliques.
In a sec, I realized how the beautiful reflections got drenched...
in a pool of discontent.

Whom should I blame for ?
My creator or the one who brought that notion in me....
Within a speck of time,
I found the cliques filled in red and
now I could see a far reaching ocean
with red margarita deep inside....
My journey begins here..

.As men always fall for BEAUTY AND PEARLS

# Digital Art

**Vindhuja Vijayan**






**Photo** **Beena S**


# Photo

## Navami Sibu

**Daughter of Sibu Sreyas**







# Painting



## Anjana T S
**Daughter of Shaju TB**




# Painting



## Parvathy J P
**Daughter of Jayaprakash**





# ഡിജിറ്റൽ ആർട്ട്

## വിശാഖപട്ടണം വിജയകുമാർ

വിന്ദുജയുടെ സഹോദരൻ



Story

**Nirjara Devi S**
Daughter of Sreejith Wayanad



# SOLACE IN THE MOUNTAINS

I wanted to scream, but I couldn't, they wouldn't let me…..

I woke up startled by the blaring noises. "Stupid traffic" my Dad muttered under his breath "At this rate we will never reach there before nightfall." My Mom turned towards me from the front seat and asked if I was okay. I nodded once, but I still couldn't meet her eyes.

'Being Ok' was an understatement and this trip in the hope to make me feel 'normal' again was pointless , just pointless….I wanted to sleep peacefully again, for once at least but even after one year since it happened I couldn't , the image was still fresh in my memory and the nightmares always the same. No I won't sleep, I said to myself and looked out the window.

After almost three hours of driving we finally reached. I took my backpack and stepped out of the car. "Isn't the air up here ten times fresher than the air in the city?" my mother exclaimed. I ignored her and went to find my cabin. Of course I loved the mountains and the fresh air….or at least I used to, nothing was the same after that incident.

I wanted to forget it and move on but no matter how hard I tried it was impossible to forget. I still remembered every single detail, even the smell…especially the smell….and how the room reeked…

I fought the tears and pushed open the cabin door, flung my bag to a corner of the room and crashed into the bed. I refused to come out of my cabin for 2 days. My mother tried to call me a hundred times but all her attempts were in vain. The third day I decided to take a stroll. As I was absentmindedly making my way to the peak of the mountain, I stopped abruptly in front of an old lady.

She slowly drew near me and before I could realise what she was doing she clasped my hands in hers, closed her eyes for a minute and muttered something unintelligible.

Feeling annoyed and scared at the same time I turned to head back to my cabin but she stopped me and handed to me a rock in the size of a football. I struggled to hold it due to its weight and it stumbled from my hands bruising my palms.

The lady smiled at this and said, “Your pain and sufferings is like that rock burdened with distress, unless you don’t let go of your past your future will remain unclear”. I looked at her with bewildered eyes and said “How did you ..?”But before I could complete my question she walked past me into the mist and ceased to be visible.

After a moment I realised that I was standing at the peak of the mountain but the mist made it impossible to discern anything. A little later the mist started to clear and I saw the exhilarating panorama. Standing there gazing at the landscape the wise words of the old lady slowly sank in. For the first time in many months I breathed peacefully. I had finally found solace in the mountains.



**Painting by the author**

# Me day


## Meril Rose Jalson

Daughter of Jalson Jacob




**The sun went lower and I went glimmer.
I snuggled up with bunnies and unicorns
Beyond the wrinkly skies showed up the glowing stars
I swished through the sky
I yearned for colours
The sky was suffused with rainbow
I yearned for music
The celestial bodies performed a concert
I yearned for light
They twinkled with a sparkling light
I flew through the sky like a shooting star
I don't play by the rules of the game
It's my life
It's my rules
It's impassive…
Why did the stars litter the ground with candies,
I wondered yawning
I asked them to show the spectacle of space
I heard a feeble voice
"Get up sweetie and shine like a morning star",
That was my little big dream…**



# Art

## Deva priya R

**Daughter of Vijayan**



# പോസ്റ്റ് കോവിഡ് യുഗത്തിലെ രാഷ്ട്രീയം



## ഷാജിൽ അന്ത്രു

ഒരൊറ്റ ലക്ഷ്യത്തോടെയാണ് ലോകം ഇന്ന് മുന്നോട്ട് നീങ്ങുന്നത്. കോവിഡിനെ പിടിച്ചു കെട്ടണം. വാക്സിനുകൾ വരാൻ സമയമെടുക്കും. കൃത്യമായ മരുന്നുകൾ കണ്ടെത്താനും സമയം വേണം. ലോകമാകെ പകച്ചു നിന്നപ്പോൾ കേരളം പടിപടിയായി പ്രതിരോധതന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയായിരുന്നു. നമ്മുടെ മുന്നിൽ ഈ മഹാമാരി അത്ര വലിയ അപകടം വിതച്ചില്ല. നമ്മൾ സീറോ ആഘോഷത്തിലാണ്. വലിയ കരുതിലിലാണ്. അത് കൊണ്ട് അപകടവും കുറവാണു.

**കോവിഡ് - കേരളത്തിൽ**

ഇന്ത്യയിലെ ആദ്യത്തെ കോവിദ് കേസ് കേരളത്തിലായിരുന്നു. ജനുവരി അവസാനവാരം. ചൈനയിൽ നിന്ന് കേരളത്തിലേക്ക് യാത്ര ചെയ്ത് മലയാളികളായ മൂന്ന് വിദ്യാർഥികൾ ആയിരുന്നു വൈറസ് വാഹികൾ. അപ്പോൾ തന്നെ കേരളത്തിൽ ഉടനീളം ജാഗ്രതാനിർദേശം നൽകി. ഏകദേശം 3000 പേർ ആദ്യഘട്ടത്തിൽ ക്വാറന്റൈനിൽ പോയി. ചൈനയിൽ കേരളത്തിൽ നിന്നുള്ള മലയാളികൾ മെഡിക്കൽ വിദ്യാഭ്യാസം നേടുവാൻ പോയിട്ടുണ്ട്. ചൈനയിൽ കോവിദ് വ്യാപനം ഗുരുതരമാകുകയും, അവിടെ ലോക്ക് ഡൗൺ പ്രഖ്യാപ്പിക്കുകയും ചെയ്തതോടെ മലയാളി വിദ്യാർത്ഥികൾ ദുരിതത്തിലായി.ചൈനീസ് വിമാനത്താവളത്തിൽ അകപ്പെട്ട ചില മലയാളികളെ കൂടി കൊച്ചിയിൽ വിമാനമാർഗ്ഗം കൊണ്ട് വരാൻ കേരളത്തിന് കഴിഞ്ഞു. കൊച്ചി മെഡിക്കൽ കോളേജ് ഐസൊലേഷൻ വാർഡുകളിൽ അവർ ക്വാറന്റൈൻ ചെയ്യപ്പെട്ടു . അവർക്ക് ആർക്കും തന്നെ രോഗം ഉണ്ടായിരുന്നില്ല എന്നതായിരുന്നു ആശ്വാസം.

മാർച്ച് എട്ടിന് കേരളം വീണ്ടും ജാഗ്രത നിർദേശം പുറപ്പെടുവിക്കേണ്ടി വന്നു. ആരോഗ്യമേഖലയെ യുദ്ധകാലാടിസ്ഥാനത്തിൽ സജ്ജീകരിക്കുകയും പ്രവർത്തനനിരതമാക്കാനും കേരളത്തിന് കഴിഞ്ഞു. ഹോസ്പിറ്റലുകൾ കോവിദ് രോഗികളെ ചികിൽസിക്കാൻ സജ്ജമാക്കി; ആരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പു വരുത്തി; ഐസൊലേഷൻ വാർഡുകളും ക്വാറന്റൈൻ സൗകര്യങ്ങളും ഒരുക്കി; എല്ലാ സർക്കാർ പൊതുമേഖലാ പ്രവർത്തനങ്ങൾ കോവിദ് രോഗ പ്രതിരോധത്തിലേക്ക് ചുവടു മാറി. പൊതുജനം പുതിയ ജീവിത ശൈലിയിലേക്ക് പറിച്ചു മാറ്റപ്പെട്ടു.ഇതിനിടെ മാർച്ച് 25 മുതൽ ഏപ്രിൽ 14 വരെ ആദ്യഘട്ട ലോക്ക്-ഡൗൺ ഏർപ്പെടുത്തി. പിന്നീട് മെയ് 3 വരെയും മെയ് 17 വരെയും ലോക്ക്-ഡൗൺ നീട്ടുകയും ചെയ്തു

ചുരുക്കത്തിൽ രാജ്യം ഒന്നടങ്കം കോവിഡിനെപിടിച്ചു കെട്ടാനുള്ള ശ്രമത്തിലാണ്. ആരോഗ്യരംഗത്തും വലിയ നേട്ടങ്ങൾ കൈവരിച്ചു എന്ന് പറഞ്ഞുകൊണ്ടിരുന്ന രാജ്യങ്ങൾ കോവിഡിന്റെ മുന്നിൽ അടിപതറി. രോഗികളുടെ അനിയന്ത്രിതമായ വർധനവും മരണവും അവരുടെ താളം തെറ്റിച്ചു. അപ്പോഴും കേരളം ചിട്ടയായ പ്രവർത്തനത്തിലൂടെ രോഗത്തെ പ്രതിരോധിച്ചു , മരണനിരക്ക് വളരെയധികം കുറച്ചു. ഇപ്പോൾ ഉണ്ടായ നേട്ടം അഥവാ ആശ്വാസം കൈവിട്ടു പോകുവാൻ പാടില്ല.

**നിയന്ത്രണ മാർഗ്ഗങ്ങൾ .**

രണ്ടു പ്രധാന മാർഗങ്ങളാണ് കോവിഡിനെ പ്രതിരോധിക്കാൻ ലോകം എമ്പാടും പ്രയോഗിച്ചു വരുന്നത്. വാക്സിനുകളും മരുന്നുകളും കണ്ടു പിടിക്കാനുള്ള ശ്രമങ്ങൾ ലോകത്തിന്റെ വിവിധ ഭാഗത്തു നടക്കുന്നുണ്ട്. അതൊന്നും ഇപ്പോഴൊന്നും യാഥാർഥ്യമാകില്ല. ആ സാഹചര്യത്തിൽ കോവിഡിനെ പ്രതിരോധിക്കാൻ രണ്ടു പ്രധാന വഴികളെ ഉള്ളൂ.ഒന്ന്: ലോക്ക് ഡൗൺ ഏർപ്പെടുത്തുക; രോഗമുള്ളവരെ ക്വാറന്റൈൻ ചെയ്യുക.അഥവാ മറ്റുള്ളവരിൽ നിന്ന് മാറ്റി നിർത്തുക.
രണ്ടു:രോഗം പിടിപെടുമ്പോൾ മാത്രം വ്യക്തിയെ പരിഗണി ക്കുക. ചിലപ്പോൾ ജീവിക്കും; ചിലപ്പോൾ മരിക്കും; ജീവിക്കുക യാണെങ്കിൽ സ്വയം പ്രതിരോധ ശേഷി ആ വ്യക്തിക്ക് ഉണ്ടാകും. അങ്ങനെ സമൂഹത്തിലെ ഒരു പാട് പേർക്ക് ഈ പ്രതിരോധ ശക്തി ലഭിക്കുമ്പോൾ രോഗ വ്യാപനം കുറയും.രണ്ടും അങ്ങേ യറ്റത്തെ കേസുകൾ ആണ്. ആദ്യത്തേത് സാമൂഹ്യബന്ധ ത്തിന്റെ മുറിച്ചു മാറ്റൽ. രണ്ടാമത്തത്, കൈയൂക്കുള്ള വൻ മാത്രം ജയിച്ചാൽ മതി യെന്ന കാടൻ രീതി.

**ശരിയായ മാർഗം**

ശരിയായ മാർഗം ഇതിന്റെ യൊക്കെ സങ്കരമാണ്. രോഗവ്യാപനം ആരംഭിക്കുന്ന ഘട്ടത്തിൽ, നമ്മുടെ മുന്നിൽ യാതൊരു തയ്യാറെടുപ്പുകളും ഇല്ലാതെയിരിക്കുമ്പോൾ, ഏക മാർഗം ലോക്ക് .ഡൗൺ മാത്രമാണ്. ലോക്ക് ഡൗൺ എല്ലാം അടച്ചു വീട്ടിൽ വെറുതെ യിരിക്കുക എന്ന പ്രക്രിയ മാത്രമല്ല. രോഗത്തെ പ്രതിരോധി ക്കാൻ വേണ്ടുന്ന തയാറെടുപ്പു കൾ ചെയ്യുവാനുള്ള സമയവു മാണ്. കേരളം അത് ഭംഗിയായി ചെയ്തു കഴിഞ്ഞു.

കേരളം ക്വാറന്റൈൻ , റിവേഴ്സ് ക്വാറന്റൈൻ , ഹേർഡ് ഇമ്മ്യൂണിറ്റി, ഐസൊലേഷൻ, ചികിത്സ എന്നീ എല്ലാ മാർഗ ങ്ങളുടെയും മിശ്രിത അഥവാ സങ്കര രൂപത്തിലുള്ള ഒരു മോഡൽ നടപ്പിലാക്കുകയാണ്.
ലോകമെമ്പാടും അത് അംഗീകരിക്കപ്പെട്ടു എന്നതാണ് അതിന്റെ പ്രത്യേകത. ആരോഗ്യപരിരക്ഷ സംവിധാന ത്തിന് കൃത്യമായ ഒരു ആസൂത്രണമുണ്ട്. ആ ആസൂത്ര ണം വിജയിക്കണമെങ്കിൽ നാം പൂർണമായും സഹകരിക്ക ണം.അങ്ങനെ സഹകരിക്കു മ്പോൾ നാം നമ്മളെ, നമ്മുടെ കുടുംബത്തെ,നമ്മുടെ നാടിനെ, നമ്മുടെ കേരളത്തിനെ , നമ്മുടെ രാജ്യത്തിനെ മഹാമാരിയിൽ നിന്ന് രക്ഷിക്കുകയാണെന്നു അർത്ഥം. ചെറിയ സംശയങ്ങൾ, പ്രതിഷേധങ്ങൾ എന്നിവ മാറ്റി വെക്കുക. നമ്മുടെ ശ്രദ്ധ ഈ മഹാമാരിയിൽ നിന്ന് രക്ഷ നേടുന്നതോടൊപ്പം പോസ്റ്റ്-കോവിഡ് കാലത്തേക്ക് ഉതകുന്ന മൂഹ്യമാറ്റങ്ങൾക്കും വിദ്യാഭ്യാസ-തൊഴിൽ-ആരോഗ്യ-സാമ്പത്തിക മാറ്റങ്ങൾക്കും വേണ്ടിയുള്ള തയാറെടുപ്പി ലായിരിക്കണം.

## പഠനത്തോടൊപ്പം വരുമാനം - പോസ്റ്റ് കോവിഡ് യുഗത്തിന്റെ ആവശ്യം

ലിവിങ് വിത്ത് വൈറസ് കാലഘട്ടത്തെയാണ് നാം പോസ്റ്റ്-കോവിഡ് കാലം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ഒരുപാട് വെല്ലുവിളികൾ നിറഞ്ഞ കാലമാണ്. ഈ മഹാമാരി വരും മുമ്പ് തന്നെ ലോകമാകെ, ഇന്ത്യയാകെ, നമ്മുടെ കൊച്ചു സംസ്ഥാനം കേരളമാകെ സാമ്പത്തികമാന്ദ്യം പടർന്നു പിടിച്ചു തുടങ്ങിയിരുന്നു. മഹാമാരി സാമ്പത്തികമാന്ദ്യത്തിനേക്കാൾ അപകടകാരിയായതു കൊണ്ടും, എല്ലാവരുടെയും അടിയന്തരശ്രദ്ധ അതിലേക്ക് പോയതു കൊണ്ടും അത് ചർച്ചവിഷയമായില്ല. ഒരുപാട് ചോദ്യങ്ങൾ ഉത്തരമില്ലാതെ ഈ കാലഘട്ടത്തിൽ പൊതുമണ്ഡലത്തിൽ ഉയർന്നു നിൽക്കുന്നുണ്ട്. മഹാമാരിയുടെ താപമേറ്റു ഈ ചോദ്യങ്ങളെല്ലാം ബാഷ്പീകരിച്ചു പോകുമെന്നാണ് ധാരണ. പോസ്റ്റ് കോവിഡ് യുഗത്തിലെ ജീവിതദുരിതങ്ങൾ
കനക്കുകയാണെങ്കിൽ, ബാഷ്പീകരിച്ചു പോയ ഈ ചോദ്യങ്ങൾ കൊലമഴയായി പെയ്തിറങ്ങുമെന്ന് തീർച്ച. ലോകത്തിലെ ഒരു രാജ്യവും ഈ ഭീഷണിയിൽ നിന്ന് മുക്തമല്ല. ഈ സാഹചര്യത്തിൽ പോസ്റ്റ് കോവിഡ് യുഗത്തിൽ നമ്മുടെ ജീവിതം എങ്ങനെ മാറ്റിയെടുത്തു, നമ്മുക്കും, സമൂഹത്തിനും, അടുത്ത തലമുറക്കും ഗുണപരമാക്കാമെന്നത്തിൽ ഒരു അതിവേഗചർച്ചയും, തീരുമാനവും, നടപ്പിലാക്കലും പ്രവർത്തികമാക്കുന്നതിൽ വിജയിക്കുന്നവർക്കാണ് യഥാർത്ഥ കൈയടി.
1908 ൽ ഗാന്ധിജി നാല് പ്രധാനപ്പെട്ട ആശയങ്ങൾ ഇന്ത്യൻ ജനതയുടെ മുന്നിൽ സമർപ്പിച്ചു. സ്വരാജ്,അഹിംസ, സ്വദേശി, സർവോദയ എന്നിവയായിരുന്നു അവ. ഇതിൽ സർവോദയ എന്ന വാക്കിന് ഈ കോവിഡ്-കോവിഡനന്തരകാലത്തിൽ പ്രസക്തിയേറുന്നു. സർവോദയ എന്ന വാക്കിന്റെ അർഥം സാർവദേശീയ ഉയർച്ച അല്ലെങ്കിൽ എല്ലാവർക്കും അഭിവൃദ്ധി എന്നാണ്.
ഗാന്ധിജി വിഭാവനം ചെയ്ത സമൂഹത്തിൽ, എല്ലാ അംഗങ്ങളും ഭൗതികസാമ്പത്തിലും ആഡംബര ജീവിതത്തിനു വേണ്ടിയുള്ള അത്യാഗ്രഹത്തിൽ നിന്ന് മുക്തരാകണം. അവർ ലളിതമായ ജീവിതത്തിന്റെയും ഉയർന്ന ചിന്തയുടെയും മുദ്രാവാക്യം പിന്തുടരണം. എല്ലാവർക്കും മാന്യവും, അന്തസ്സുള്ളതുമായ ജീവിതത്തിനായി, സത്യസന്ധമായ പ്രവർത്തനത്തിലൂടെ മതിയായ ഉൽപാദനം നടത്താനും, സമ്പാദിക്കാനും അവസരങ്ങൾ ലഭിക്കണം. തൽഫലമായി തൊഴിലില്ലായ്മ ഉന്മൂലനം ചെയ്യും. സ്വാഭാവികമായും, വ്യത്യസ്ഥ ആളുകളുടെ വരുമാനം അവരുടെ കഴിവ്, പരിശ്രമം എന്നിവയെ ആശ്രയിച്ചു വ്യത്യസ്തമായിരിക്കും. എന്നാൽ കൂടുതൽ സമ്പാദിക്കുന്നവർ അവരുടെ വലിയ വരുമാനത്തിന്റെ സിംഹഭാഗവും സമൂഹത്തിന്റെ മൊത്തത്തിലുള്ള നന്മക്കായി ഉപയോഗിക്കണം.
കോവിഡ്-കോവിഡനന്തരകാലത്തിൽ രാജ്യങ്ങൾ ഒന്നിച്ചു ഈ മഹാമാരിയെ പ്രതിരോധിക്കാൻ പാടുപെടുകയാണ്. എല്ലാ രാജ്യങ്ങളുടെയും പൊതുശത്രു ഒന്നാകുകയും, അതിനെ നേരിടാനുള്ള മാർഗ്ഗം എവിടെ നിന്ന് വന്നാലും സ്വീകരിക്കാൻ തയാറായി രാജ്യങ്ങൾ നിൽക്കുകയാണ്. സാർവദേശീയ ഉയർച്ചയെ പോലെ തന്നെ സാർവദേശീയ കരുതൽ എന്ന നയം ലോകമെമ്പാടും സ്വീകരിച്ചു കഴിഞ്ഞു. ഭൗതിക സ്വത്തും, ആഡംബര ജീവിതവും ഈ പൊതുശത്രുവിനെ നേരിടാൻ പര്യാപ്തമല്ല എന്ന നില വന്നിരിക്കുന്നു. ലളിതമായ അച്ചടക്കത്തോടുള്ള ജീവിതത്തിനു വേണ്ടിയുള്ള നിയമങ്ങളും മാർഗനിർദേശങ്ങളുമാണ് വന്നുകൊണ്ടിരിക്കുന്നത്. പലരും അന്യരാജ്യങ്ങളിൽ നിന്ന് ജന്മനാട്ടിൽ എത്താൻ ആഗ്രഹിക്കുകയാണ്. ശേഷജീവിതം

ജന്മനാടിന്റെ കരുതലിൽ കഴിയണമെന്നും ആഗ്രഹിക്കുന്നു. അപ്പോഴും നിലനിൽക്കുന്ന ഒരു ചോദ്യം എല്ലാവർക്കും മാന്യവും, അന്തസ്സുള്ളതുമായ ജീവിതത്തിനായി, സത്യസന്ധമായ പ്രവർത്തനത്തിലൂടെ മതിയായ ഉൽപാദനം നടത്താനും, സമ്പാദിക്കാനും അവസരങ്ങൾ എങ്ങനെ നൽകും എന്നതാണ്.ഗാന്ധിജി തന്നെ അതിനൊരു മാർഗരേഖ നമ്മുക്ക് നൽകിയിട്ടുണ്ട്. സ്വയം-സഹായികളായ ഗ്രാമീണ സമൂഹങ്ങളുടെ രൂപീകരണത്തിലൂടെ അത് സാധ്യമാകുമെന്നാണ് ഗാന്ധിജി വിഭാവനം ചെയ്തത് . അത്തരം ഗ്രാമീണ സമൂഹങ്ങളിൽ വംശം, മതം, ജാതി, ഭാഷ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള വ്യത്യാസങ്ങൾ പൂർണമായും ഇല്ലാതിരിക്കണം. കൃത്യമായ ആസൂത്രണത്തിലൂടെ കൃഷി നടത്തിയാൽ എല്ലാ ജനങ്ങളുടെയും ആവശ്യങ്ങൾ പ്രാദേശികമായി തന്നെ പൂർത്തീകരിക്കാൻ കഴിയും. ഗ്രാമത്തിലെ എല്ലാ ജനങ്ങൾക്കും തൊഴിൽ ലഭിക്കുന്നതിന് കുടിൽ വ്യവസായങ്ങൾ നടത്താൻ കഴിയും. ഗ്രാമത്തിന്റെ മുഴുവൻ ആവശ്യങ്ങളും വില്ലേജ് കൗൺസിൽ വഴി ഗ്രാമത്തിലെ ജനങ്ങൾ തന്നെ തീരുമാനിക്കും . ഈ മാതൃകയ്ക്ക് കമ്മൂണിസത്തിൽ പറയുന്ന കമ്മ്യൂണിനോട് സാമ്യമുണ്ട്. സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളും ജനങ്ങളെ മുതലാളിത്തത്തിൽ നിന്ന് മോചിപ്പിച്ച ശേഷം വരുന്ന വിമോചിത സമൂഹത്തിന്റെ മാതൃകയായാണ് കമ്മ്യൂണിനെ കണ്ടത്. ഗാന്ധിജി മുതലാളിത്തത്തിൽ ഒരു സമൂഹം വന്നു കൂപ്പു കുത്താതിരിക്കാൻ സമൂഹത്തെ വാർത്തെടുക്കാനുള്ള മാതൃകയായാണ് ഗ്രാമീണ സമൂഹങ്ങളെ കണ്ടത് എന്ന് മാത്രം.

**കോവിഡ് -കോവിഡനന്തരകാലത്തിൽ ഇതെങ്ങനെ സാധ്യമാകും ?**

കേരളത്തിനെ സംബന്ധിച്ചിടത്തോളം പ്രാദേശികഭരണകൂടങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ശക്തമായ രീതിയിലാണ് മുന്നോട്ട് പോകുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ അധികാരവും പ്രവർത്തനമണ്ഡലവും ശക്തമായി തന്നെ തുടരുകയാണ്. ഇവിടെ നമ്മളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളി ആകാൻ പോകുന്നത് തൊഴിൽമേഖലയാണ്. പ്രാദേശികമായി തൊഴിൽമേഖല എങ്ങനെ അഭിവൃദ്ധിപ്പെടുത്താം എന്നതും, സാധാരണ ജനവിഭാഗങ്ങൾക്ക് നിത്യവൃത്തിക്ക് ഉതകുന്ന മാന്യവും അന്തസ്സുമുള്ള തൊഴിൽ എങ്ങനെ ചിട്ടപ്പെടുത്തി നൽകാം എന്നതുമാണ്. സ്വയംതൊഴിൽ സംരംഭകർക്ക് വിവിധ സഹായ പദ്ധതികൾ സർക്കാരുകൾ രൂപികരിച്ചു അവതരിപ്പിച്ചിട്ടുണ്ട്. പലർക്കും ഉപയോഗപെടുന്നുമുണ്ട്. വിജയിച്ചവയെ കുറിച്ച് മാത്രമേ പൊതുസമൂഹം അറിയാറുള്ളൂ. പരാജയപ്പെടുന്ന സംരംഭങ്ങൾ നടത്തിയവരെയും അവരുടെയും കുടുംബത്തെയും ശിഥിലമാക്കി കടന്നു പോകും. അത് കാരണം പലരും ഇത്തരം സാഹസത്തിനു മുതിരാറില്ല.

എന്നാൽ കോവിഡ്-കോവിഡനന്തരകാലത്തിൽ ഇതാണ് യഥാർത്ഥത്തിൽ ഉയർത്തെഴുനേൽക്കാനുള്ള മാർഗം. വിദേശത്തു നിന്ന് മടങ്ങി വരുന്നവരെ പുനരധിവസിക്കാനുള്ള മാർഗം. പക്ഷെ ഇതിനു കോവിഡ്-കോവിഡനന്തരകാലത്തിൽ വിജയിക്കും എന്ന് ഉറപ്പുള്ള തൊഴിൽപദ്ധതികൾ അഥവാ ഉൽപന്നങ്ങൾ /സേവനങ്ങൾ വേണം. അതിനായി മാർഗനിർദേശം നൽകാൻ കഴിയുന്ന, കൈ പിടിച്ചു കുറച്ച കാലം കൂടെ നടത്താൻ കഴിയുന്ന ഒരു സംവിധാനം വേണം.

ഒരു ചെറുകിട വ്യവസായം ആരംഭിക്കുന്ന ആൾക്ക് അതിന്റെ ആലോചന ഘട്ടം മുതൽ, വിജയത്തിന്റെ ഒരു നിശ്ചിത സമയം വരെ കൂടെ എല്ലാ അപകടസാധ്യതകൾ അല്ലെങ്കിൽ റിസ്കുകൾ ഏറ്റെടുത്തു കൂടെ നടക്കാൻ ഒരാൾ ഉണ്ടെങ്കിലോ ? ഒരു പ്രദേശത്തെ മുഴുവൻ ആളുകളും അതിനു മുന്നോട് ഇറങ്ങും. അത്തരം ഒരു പദ്ധതി നടപ്പിൽ വരണമെങ്കിൽ അത് വിദ്യാലയങ്ങളിൽ നിന്ന് ആരംഭിക്കണം. അറിവും തൊഴിലും രണ്ടല്ല എന്ന ഗാന്ധിജിയുടെ സിദ്ധാന്തം ഉൾകൊള്ളുന്ന വിദ്യാലയങ്ങൾ ഉണ്ടാകണം.

**.പഠനത്തോടൊപ്പം വരുമാനം**

കേരളത്തിൽ 734 ആർട്സ് ആൻഡ് സയൻസ് കോളേജുകളും,179 എഞ്ചിനീയറിംഗ് കോളേജുകളും, 84 പോളിടെക്നിക്കുകളും നിലവിൽ ഉണ്ട്. തുടക്കം എന്ന നിലയിൽ ഈ സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാകുന്നതാകും അഭികാമ്യം.സമാനമായ പദ്ധതികൾ ലോകത്തെമ്പാടും നടപ്പിലാക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ തന്നെ പല ഭാഗത്തു ഇത്തരത്തിലുള്ള നീക്കം സജീവമാണ്. ചിലയിടത്തു വിദ്യാർത്ഥികൾക്ക് മറ്റു മേഖലകളിൽ പാർട്ട് ടൈം ജോലി പോലെയും, മറ്റു ചിലയിടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റിപ്പയർ, മെയിൻടെനൻസ് പോലുള്ള ചില തൊഴിലിൽ ഏർപെടുനുള്ള പദ്ധതികളും നടന്നു വരുന്നു. ഗ്രാമീണ മേഖലയെ സഹായിക്കുവാനും, സമൂഹത്തിലെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം നൽകുവാനും ആണെങ്കിൽ ഈ തരത്തിലുള്ള പഠനത്തോടൊപ്പം വരുമാനപദ്ധതി ഉപകരിക്കില്ല.വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഒരു ലക്ഷ്യം പ്രാദേശികമായി നിലവിലുള്ള തൊഴിൽമേഖലയെ ശക്തിപ്പെടുത്തുകയെന്നതും മാറിയ സാഹചര്യത്തിനനുസൃതമായി പുതിയ തൊഴിൽമേഖല ഉയർത്തി കൊണ്ട് വരുകയെന്നതുമായിരിക്കണം. പഠനത്തോടൊപ്പം തൊഴിൽ സാധാരണക്കാരന്റെ ഉയർച്ചയെ എങ്ങനെ സഹായിക്കും ഒരു ഉദാഹരണത്തോടെ ഇത് പറയുന്നതാവും ഉത്തമം. കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രതിസന്ധിയിലാകപെട്ട മേഖലകളിൽ ഒന്നാണ് നിർമാണ മേഖല. നിർമാണ മേഖല ഇന്ന് കൂറ്റൻ ബഹുരാഷ്ട-സ്വദേശി കമ്പനിയുടെ കൈകളിലാണ് എന്നത് ഇവിടെ വിസ്മരിക്കുന്നില്ല. പ്രകൃതിക്ഷോഭത്തിലും, മഹാമാരിയിൽ മാറി മറിയുന്ന കേരളത്തിലെ സാഹചര്യത്തിൽ ഇന്ന് അവശ്യം വേണ്ടുന്ന ഒന്നാണ് വേഗത്തിൽ, ചെലവ് കുറച്ചു പണി കഴിപ്പിക്കാവുന്ന പ്രകൃതിക്ഷോഭങ്ങളെ നേരിടാൻ കെൽപുള്ള നിർമ്മാണരീതിയിൽ പൂർത്തീകരിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ. ഇതിനു വേണ്ട സാങ്കേതികവിദ്യ ഇന്ന് ലോകത്തിൽ ലഭ്യമാ ണ്. ഒരുപ്രാദേശിക ഭരണകൂടത്തിന്റെ അതിർത്തിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ കോർത്തിണക്കി ചെയ്യാവുന്ന കാര്യമേയുള്ളൂ. അതിന് ഒരു വിദ്യാഭ്യാസ സ്ഥാപനം മുൻകൈ എടുക്കണം. അവിടത്തെ വിദ്യാർത്ഥികളെയും, നാട്ടിലെ സാധാരണകാരനെയും സമാസമം ഉൾപ്പെടുത്തി കാര്യങ്ങൾ ചെയ്യണം മാർക്കറ്റ് സ്റ്റഡി പോലുള്ള എഞ്ചിനീയറിംഗ് ഇതര ജോലികൾ ആർട്സ് ആൻഡ് സയൻസ് കോളേജ് വിദ്യാർത്ഥികൾക്ക് ചെയ്യാം, സാങ്കേതികവിദ്യയുടെ ഡിസൈൻ, ഗുണമേന്മ പരിശോധന തുടങ്ങിയവ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ചെയ്യാം, നിർമാണവും അതിന്റെ മേൽനോട്ടവും പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ചെയ്യാം. അമ്പതു ശതമാനം തദ്ദേശവാസികൾക്ക് ഈ നിർമാണപ്രക്രിയയിൽ പങ്കാളിയാക്കിയാൽ സാധാരണക്കാരന്റെ ഉയർച്ചയും സാധ്യമാകും. ഇത് പോലെ കോവിഡ്-കോവിഡനന്തരകാലത്തിൽ ഉയർച്ചക്ക് സഹായകമാകുന്ന ഒട്ടനവധി മേഖലകളുണ്ട്.

**എല്ലാ ജില്ലയിൽ ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽ എങ്കിലും ഒരു നിർമ്മാണ/ സേവന കേന്ദ്രം ഇത്തരത്തിൽ ആരംഭിക്കുകയാണെങ്കിൽ കേരളം ലോകത്തിലെ മികച്ച വിദ്യാഭ്യാസ ഹബ് ആയി മാറും. തൊഴിൽ ദാതാവായും, സാമൂഹ്യപ്രശ്നപരിഹാരദാതാവുമായി മാറും. അതിന് അവശ്യം വേണ്ടത് ഇതിനൊക്കെ തയാറുള്ള ഒരു ചെറിയ ടീമിനെ സജ്ജീകരിക്കുകയെന്നതാണ്.**

**ഓർക്കുക: നമ്മുക്ക് ഇന്ന് വേണ്ടത് ഗ്രാമീണസമൂഹങ്ങളുടെ/ പ്രാദേശിക കമ്മ്യൂണുകളുടെ ശാക്തീകരണമാണ്. അത് ഒരു യജ്ഞമാണ്. ഒരുമിച്ച് നിന്നാൽ വിജയിക്കാവുന്ന യജ്ഞം.**







# ചുവരുകൾക്കപ്പുറം